# ലൂത

ഡിജിറ്റൽമാഗസിൻ-2024

ജി എച്ച് എസ് ബമ്മണൂർ



കുഴൽമന്ദം സബ്ജില്ലയിൽ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ ഏക ഗവണ്മെന്റ് യു. പി. സ്കൂൾ ആയിരുന്നു ജി. യു. പി. എസ്. ബമ്മണൂർ. 1921-ൽ ആരംഭിച്ച ഈ വിദ്യാലയം 2002 വരെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. 2002 ൽ പാലക്കാട് ജില്ലാ പഞ്ചായത്ത് സ്കൂളും സ്ഥലവും സർക്കാരിലേക്ക് ഏറ്റെടുത്തു.

## ക്ലബ്ബുകൾ

- ലിറ്റിൽകൈറ്റ്സ്
- ഗ്രന്ഥശാല
- ജൂനിയർ റെഡ് ക്രോസ്
- സോഷ്യൽ സയൻസ് ക്ലബ്ബ്
- സയൻസ് ക്ലബ്ബ്
- ഗണിത ക്ലബ്ബ്
- പരിസ്ഥിതി ക്ലബ്ബ്
- വൈ ഐ പി
- ഫിലിം ക്ലബ്ബ്

# ജി.എച്ച്.എസ്സ്.ബമ്മണൂർ



പാലക്കാട് വിദ്യാഭ്യാസ ജില്ലയിൽ കുഴൽമന്ദം ഉപജില്ലയിൽ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ തികച്ചും ഗ്രാമീണപശ്ചാത്തലത്തിൽ പതിനായിരങ്ങൾക്ക് അക്ഷരവെളിച്ചം പകർന്ന് ഇന്നും കെടാവിളക്കായി നിലകൊള്ളുന്ന നൂറ്റാണ്ട് പഴക്കമുള്ള സർക്കാർ വിദ്യാലയമാണ് ജി. എച്ച്. എസ്സ്. ബമ്മണൂർ.



# ആശംസ

ബമ്മണൂർ ഗവൺമെൻറ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഋത എന്ന മാഗസിൻ ഡിജിറ്റൽ ലോകത്തിൽ ഇടം പിടിക്കുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു.

വിവരവിനിമയ സാങ്കേതികവിദ്യ വികാസം പ്രാപിച്ച നവയുഗത്തിൽ കുട്ടികളുടെ സർഗ്ഗശേഷി പുതിയ വാതായനങ്ങൾ തേടുന്നതിന്റെ സാക്ഷ്യപ്പെടുത്തലാണ് ഋത. താളുകൾ സമ്പന്നമാക്കിയ കുഞ്ഞുമക്കൾക്ക് അഭിനന്ദനങ്ങൾ..മാഗസിൻ തയ്യാറാക്കാൻ പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അവർക്ക് പ്രോത്സാഹനമേകിയ അധ്യാപകർക്കും ഭാവുകങ്ങളോടെ...

സ്നേഹപൂർവ്വം

മുരളീധരൻ കെ സി



# ആശംസ

നമ്മുടെ വിദ്യാർത്ഥികളിൽ അന്തർലീനമായ വിവിധ കഴിവുകൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ പരിപോഷിപ്പിക്കാനാവും എന്നതിൻെറ തെളിവാണ് ഋത എന്ന ഡിജിറ്റൽ മാഗസിൻ ഈ സംരംഭത്തിൽ പങ്കാളികളാകുന്ന വിദ്യാർത്ഥികൾക്കും, നേതൃത്വംനൽകുന്ന അധ്യാപകർക്കും അഭിനന്ദനങ്ങൾ.

സാവിത്രി പി ആർ

ടീച്ചർ



# ആശംസ

സർഗ്ഗശക്തിയ്ക്കും ഭാവനയ്ക്കുമൊപ്പം എഴുത്തിന്റെ വഴികളിലൂടെ സഞ്ചരിച്ച് പുത്തൻ ഉണർവ് പകർന്നു തന്ന എല്ലാ കുട്ടികൾക്കും ആശംസകൾ . ഇതിന് നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപക സുഹൃത്തു ക്കൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ

വിദ്യ ടീച്ചർ

എച്ച് എസ് ടി മലയാളം



ആശംസ

കലാസാഹിത്യരംഗത്തെ ഏതൊരു ചുവടുവയ്പ്പും അഭിനന്ദനാർഹവും ആദരണീയവുമാണ്. അതിൻ്റെ മുകുളിത രൂപമാണ് കുരുന്നുപ്രതിഭകളുടെ സർഗ്ഗസൃഷ്ടികൾ. വരും നാളുകളിലത് പൂത്തുവിടരട്ടെ.. സർഗാത്മകമണ്ഡലത്തിൽ കുട്ടികൾ വ്യക്തിമുദ്ര പതിപ്പിക്കുന്നതിന്റെ അടയാളപ്പെടുത്തലാണ് ലത എന്ന ഡിജിറ്റൽ മാഗസിൻ. മാഗസിനിലേയ്ക്ക് രചനകൾ നല്കിയ കുഞ്ഞെഴുത്തുകാർക്ക് ആശംസകൾ...

വിജ്ഞാനം വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഇക്കാലത്ത് ഡിജിറ്റൽ മാഗസിൻ എന്ന ഉദ്യമം സാക്ഷാത്ക്കരിക്കാൻ പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അവരെ അതിന് പ്രാപ്തരാക്കിയ അധ്യാപകസുഹൃത്തുക്കൾക്കും ഭാവുകങ്ങൾ

പവിത്ര ടീച്ചർ
എച്ച് എസ് ടി മലയാളം

# താളുകളിലൂടെ .....


| ക്ര.നം. | ഉള്ളടക്കം | പേജ്.നം. |
|---|---|---|
| 1 | കൂട്ടുകാരുടെ ചങ്ങാത്തം | 7 |
| 2 | അപരാജിത | 8 |
| 3 | വേർപ്പാട് | 9 |
| 4 | യാത്ര | 10 |
| 5 | ദുരന്ത ജീവിതം | 11-12 |
| 6 | നിലാവിന്റെ നിഴൽപ്പാടുകൾ | 13-14 |
| 7 | അപ്പൂവിന്റെ ജീവിതം | 15 |
| 8 | അങ്ങനെ ഒരു മഴക്കാലത്ത് | 16 |
| 9 | മതിലുകൾ | 17 |
| 10 | ആരോ ഒരാൾ | 18 |
| 11 | യാത്ര വിവരണം | 19 |
| 12 | പ്ലാസ്റ്റിക് നിരോധിക്കണമോ? | 20 |

# താളുകളിലൂടെ .....


| ക്ര.നം. | ഉള്ളടക്കം | പേജ്.നം. |
|---|---|---|
| 13 | കൊടൈക്കനാലിലേക്കുള്ള ഒരു യാത്ര ........ | 21-22 |
| 14 | Artscape | 23-26 |
| 15 | വിവരസാങ്കേതികവിദ്യയുടെ വളർച്ചയും വികാസവും | 27-29 |
| 16 | പ്രതീക്ഷ | 30 |
| 17 | മഴപെയ്ത് തോർന്നൊരാ........പുലരിയിൽ. | 31-32 |
| 18 | മൈന | 33 |
| 19 | കാറ്റും പൂവും | 34 |
| 20 | Profile of A R Rahman | 35 |
| 21 | അന്യസംസ്ഥാന തൊഴിലാളികൾ! | 36 |
| 22 | ലിറ്റിൽ കൈറ്റ്സ് | 37 |
| 23 | Our Achievements | 38 |



# കൂട്ടുകാരുടെ ചങ്ങാത്തം

ഫസ്ന യാസ്മിൻ വൈ

വിഷ്ണു ഒരു പാവം കുട്ടിയാണ്. അവൻ ഒരു ദിവസം സ്കൂൾ വിട്ടു വരികയായിരുന്നു. അവന്റെ കൂട്ടുകാരെല്ലാം നേരത്തെ പോയി. അവന് കുറച്ചു തടിയുണ്ടായിരുന്നു. അവന്റെ കൂട്ടുകാരെല്ലാം അവനെ കളിയാക്കും. തടി ആയതുകൊണ്ട് അവന് വേഗം നടക്കാനാവില്ല. അവൻ നടന്ന് ക്ഷീണിച്ച് വീട്ടിലെത്താനായപ്പോൾ അവന്റെ കൂട്ടുകാർ മാങ്ങ പറിക്കുന്നു. അവൻ കൊതിയോടെ അവരുടെ അടുത്തേക്ക് പോയി, കൂട്ടുകാരോട് ഒരു മാങ്ങ ചോദിച്ചു. അവർ കൊടുത്തില്ല, എന്നിട്ടും പറഞ്ഞു "നീ വേണമെങ്കിൽ കല്ലെറിഞ്ഞു വീഴ്ത്ത്". വിഷ്ണു വിഷമത്തോടെ കല്ലെടുത്ത് വീഴ്ത്താൻ നോക്കി. എത്ര ശ്രമിച്ചിട്ടും അവന് സാധിച്ചില്ല. അവർക്ക് കിട്ടിയത് പച്ചമാങ്ങയായിരുന്നു. അതുപോലെ എനിക്ക് കിട്ടിയില്ലല്ലോ എന്ന് ആലോചിച്ചു അവൻ നടന്നു തുടങ്ങി ഇതൊക്കെ ഒരു കുരങ്ങൻ കുട്ടി കണ്ടു. ആ കുരങ്ങൻ നല്ല പഴുത്ത മാങ്ങ വീഴ്ത്തി കൊടുത്തു. ഇതൊന്നും വിഷ്ണുവും കൂട്ടുകാരും അറിയുന്നില്ലായിരുന്നു. വിഷ്ണു മാങ്ങ എടുത്തു കഴിക്കുമ്പോൾ അവൻ പറഞ്ഞു "എന്ത് മധുരം ഇത്". അവന്റെ കുട്ടുകാർ എങ്ങനെ അത് മേടിക്കും എന്ന് അറിയാതെ അവനോട് പോയി ചോദിച്ച ''വിഷ്ണു ഞങ്ങൾക്ക് മാപ്പ് നൽകണം. ഞങ്ങൾ നല്ല തെറ്റ് ചെയ്യുകയും നിന്നെ തടിയൻ എന്ന് വിളിച്ച് കളിയാക്കുകയും ചെയ്തു. സോറി''. വിഷ്ണു പറഞ്ഞു "അയ്യോ നിങ്ങൾ എന്തിനാ എന്നോട് മാപ്പ് ചോദിക്കണെ" അവർ പറഞ്ഞു "ഇനി മുതൽ നീ ഞങ്ങളുടെ കൂട്ടുകാരനാണ്" .

ഇതിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് സൗഹൃദത്തിന്റെ ആഴമാണ്.



അജീന ഫാത്തിമ ഐ

റിയ എൻ ബി

# അപരാജിത

അഭിമാനംകൊണ്ടും സമ്പന്നതകൊണ്ടെന്നും ഏറെ മുന്നിൽ ജിവിക്കുന്ന റാണിയുടെയും ജോയിയുടെയും അവർക്ക് ജനിക്കാൻ പോകുന്ന കുഞ്ഞിന്റെയും കഥയാണ്.

ഇന്ന് റാണിക്കും ജോയിക്കും ഒരു കുഞ്ഞ് ജനിക്കാൻ പോകുന്ന ദിവസമാണ്. അങ്ങനെ ആ നിമിഷം നടന്നു .ജോയിയുടെ കരങ്ങളിൽ ഒരു പെൺകുഞ്ഞ് കരയുന്നു. അതീവ സന്തുഷ്ടനായ ജോയിയോട് ഡോക്ടർ പറഞ്ഞു .കുട്ടിയുടെ ഇടതു കൈക്ക് ഇനി വളർച്ച ഉണ്ടാവില്ല, അത് ജോയി റാണിയോട് പറഞ്ഞു. നമുക്ക് ഈ കുഞ്ഞിനെ ഉപേക്ഷിക്കാം. എന്റെ കുഞ്ഞിന് ഒരു കൈയ്യല്ലേ വളർച്ച ഇല്ലാത്തതുള്ളു. മനസ്സുകൊണ്ടും ശരീരം കൊണ്ടും ഈ കുഞ്ഞ് ഇനിയും വളരില്ലേ. ഇവളെ വളർത്താൻ ഞാൻ തയ്യാറാണെന്ന് റാണി പറയുന്നു. ഇത് കേട്ട് ദേഷ്യം വന്ന ജോയി റാണിയെയും കുഞ്ഞിനെയും ഉപേക്ഷിച്ചുപോയി .വളരെ ബുദ്ധിമുട്ടനുഭവിച്ച് റാണി മകളെ വളർത്തി. മകൾക്ക് റോസ് എന്ന പേരും നൽകി. സ്കൂളിൽ കലയിലും എഴുത്തിലും ഏറെ മുന്നിൽ ആയിരുന്നു റോസ്. ക്ലാസിലും സമൂഹത്തിലും ഒറ്റപ്പെട്ട ജീവിതം നയിക്കുകയായിരുന്നു റോസ്. റോസിന്റെ കഴിവുകൾ മനസ്സിലാക്കിയ അധ്യാപകർ അവളെ എഴുതാൻ പ്രേരിപ്പിച്ചു. എഴുത്തിലും കലകളിലും കഴിവുകൾ തെളിയിച്ച് ഇന്ന് ഈ ലോകം അറിയുന്ന പ്രശസ്ത എഴുത്തുകാരിയായി മാറി സ്കൂളിലും സമൂഹത്തിലും ഉണ്ടായിരുന്ന പരിഹാസങ്ങളെ മറികടന്ന് തന്റെ കഴിവുകൾ സമുഹത്തിൽ തെളിയിച്ചു. തന്റെ കുറവുകൾ അല്ല കഴിവുകൾ ആണ് സമൂഹത്തിൽ കാണിക്കേണ്ടത് എന്ന സന്ദേശം സമൂഹത്തിന് നൽകി.





# വേർപാട്

റിയ എൻ ബി

ഞാൻ സാറാ തോമസിന്റെ മുറിപാടുകൾ എന്ന പുസ്തകം വായിക്കാൻ ഏകാന്തതയിൽ ഏർപ്പെടാൻ ശ്രമിക്കുകയായിരുന്നു. ഇതേ സമയം എട്ടൻ മൊബൈൽ നോക്കുകയും അച്ഛൻ ടി വി കാണുകയായിരുന്നു. അപ്പോൾ ഏട്ടന്റെ മൊബൈലിൽഒരു കാൾ വന്നു.  കുറച്ചു നിമിഷങ്ങൾക്കു ശേഷം ഞാൻ ഒന്ന് ആലോചിച്ചു.  എട്ടൻ കാൾ എടുത്തല്ലോ പിന്നെ എന്താ ഒന്നും സംസാരിക്കാത്തെ. ഞാൻ മുറിയിൽ നിന്ന് എഴുന്നേറ്റു പോയി ഏട്ടന്റെ അടുക്കൽ. അപ്പോൾ ഞാൻ ഒരു കാര്യം ശ്രദ്ധിച്ചു. ഏട്ടന്റെ കണ്ണുകൾ നിറയു-ന്നുണ്ടായിരുന്നു. ഏട്ടൻ വെപ്രാളത്തിൽ മൊബൈൽ അച്ഛന് കൈമാറി. മൊബൈലിന്റെ അപ്പുറത്തു നിന്ന് ആരോ എന്തോ പറയുന്നുണ്ടായിരുന്നു അതിന് അച്ഛൻ മറുപടിയും മൂളലുകളും ഒന്നും നടത്തുന്നില്ല. എന്താണ് വാർത്ത എന്നറിയാൻ ഞാൻ ഒരുപാട് ആഗ്രഹിച്ചു.ഏട്ടൻ കരയുന്നു. ഞാൻ ഏട്ടന്റെ അടുത്ത് ചോദിച്ചു. എന്താ കാര്യം ? അവൻ ഒന്നും മിണ്ടാതെ എന്നെ ചേർത്തു പിടിച്ചു കരഞ്ഞു.  ”എന്താടാ”ഞാൻ വീണ്ടും ചോദിച്ചു. അമ്മ എന്ന ഒറ്റ വാക്കേ പറഞ്ഞുള്ളു. അത്രയെ അവനെകൊണ്ട് സാധിക്കുന്നുള്ളു എന്ന് എനിക്ക് മനസിലായി. അയൽക്കാരെല്ലാം വീട്ടിലേക്ക് വന്ന് വീടിന്റെ പല ഭാഗത്ത് നിന്ന് എന്നെയും ഏട്ടനെയും നോക്കുന്നു.അച്ഛൻ എന്താണ് ചെയ്യേണ്ടത് എന്നറിയാതെ നിൽക്കുന്നു. അപ്പോൾ അച്ഛന്റെ കൂട്ടുകാരൻ വന്നു പറഞ്ഞു ആശുപത്രിയിൽ എത്തി നീ വാ നമുക്ക് പോകാം. അതുകേട്ടതും അച്ഛൻ അവരുടെ കൂടെ പോയി. എന്താണ് ഇവിടെ സംഭവിക്കുന്നത് എന്നറിയാതെ പക്ഷേ, എവിടെയോ അമ്മ എന്ന വാക്ക് കേട്ടതുകൊണ്ട് എന്റെ അമ്മയ്ക്ക് എന്തെങ്കിലും പറ്റിയോ എന്ന ചിന്ത എന്നെ അലട്ടുകയായിരു-ന്നു. എന്തിനാണ് എന്റെ കണ്ണ് നിറയുന്നത്. അമ്മ എന്താ തിരിച്ചുവരാത്തത് എന്ന ചിന്ത എന്റെ മനസ്സിൽ വന്നുംപോയും കൊണ്ടിരിക്കുന്നു. എന്താണ് ഇവിടെ നടക്കുന്നത് എന്നൊന്നും എനിക്ക് മനസ്സിലാകുന്നില്ല. ആരോ വന്ന് ആരോടോ എന്തോ പറഞ്ഞു അതുകേട്ട് എല്ലാവരും കരയുന്നു എന്തിനാണ് ഇവരൊക്കെ കരയുന്നത് എന്ന് എനിക്ക് മനസ്സിലാവാതെ ഞാൻ ഏട്ടനെ നോക്കി ഏട്ടൻ എന്നെയും നോക്കുന്നു. ആ നോട്ടത്തിൽ അമ്മ പോയെടി എന്നുപോലും പറയാൻ പറ്റാത്ത അവന്റെ കണ്ണുകളിലെ നിസ്സഹായാവസ്ഥ എന്നോട് പറയുന്നതുപോലെ തോന്നി. ആ ഒരു നിമിഷത്തെ നോട്ടത്തിനുശേഷം കെട്ടിപ്പിടിച്ച് പൊട്ടിക്കരയാൻ മാത്രമേ ഞങ്ങൾക്കു സാധിച്ചുള്ളൂ.





നിഹാരിക ജി നൊട്ടാത്ത്

# യാത്ര

യാത്രകൾ പലതരം
ജീവിതയാത്ര ചിലർക്കു മാത്രം സ്വന്തം
ഒട്ടുമെയില്ല സമയം കരഞ്ഞിടാൽ
പരസ്പരം നോവിക്കുവാനും

വഴിതെളിച്ച് പോകുവിൻ
എത്തുന്നിടം പ്രകാശമയമാക്കുവിൻ
തുടക്കവും ഒടുക്കവും അരികത്തായി പലർ
ഇല്ലില്ല നിങ്ങൾതൻ യാത്രമദ്ധ്യേ അവർ

വെറുക്കാതിരിക്കുക മറക്കാതിരിക്കുക
യാത്രയിൽ തണലായ വൻമരങ്ങളെ
നിനക്കുള്ള ഭാഗ്യമീയാത്ര
നിർമ്മിക്കു നിൻ ലോകമിവിടെ.



അജീന ഫാത്തിമ ഐ

റിയ എൻ ബി

# ദുരന്ത ജീവിതം

ഞാൻ എപ്പോഴും വിചാരിക്കും അമ്മയില്ലാത്ത എന്നെ അച്ഛൻ കഷ്ടപ്പെട്ടാണ് വളർത്തുന്നത് എന്ന്. എനിക്ക് പത്ത് വയസ്സുള്ളപ്പോൾ സാമ്പത്തിക ബുദ്ധിമുട്ട് ഒരുപാട് അനുഭവിക്കേണ്ടി വന്നതുകൊണ്ട് അച്ഛൻ എന്റെ പഠനം നിർത്തി. താമസിക്കുന്ന വീട് ഞങ്ങൾക്ക് നഷ്ടപ്പെട്ടു. തെരുവിൽ താമസിക്കുന്ന ഞങ്ങൾക്ക് പുഴുവരിച്ച ഭക്ഷണം പോലും കഴിക്കാൻ കിട്ടാത്ത അവസ്ഥ വന്നപ്പോൾ അച്ഛൻ നാട്ടിലെ ഏറ്റവും ഉയർന്ന പണക്കാരന്റെ വീട്ടിൽ എന്നെ ജോലിക്കു നിർത്തി. പുലർച്ചെ നാലുമണിക്ക് പോയി രാത്രി എട്ടുമണിക്ക് ശേഷമാണ് ഞാൻ ജോലികഴിഞ്ഞ് തിരിച്ചു വരാറ്. അങ്ങനെ താമസിക്കാൻ ഞങ്ങൾക്ക് വീട് കിട്ടി. ആ വീട്ടിൽ എല്ലാവരും കഴിച്ചു കഴിഞ്ഞ് ബാക്കി വരുന്ന ഭക്ഷണമാണ് എനിക്ക് കിട്ടുന്നതെങ്കിലും അതിൽ കൂടുതലും ഞാൻ അച്ഛനാണ് കൊടുക്കാറുള്ളത്. ഇങ്ങനെ ദിവസങ്ങൾ കഴിഞ്ഞുപോയി. ഒരു ദിവസം ഞാൻ ജോലികഴിഞ്ഞ് നേരത്തെ വീട്ടിൽ എത്തിയപ്പോഴാണ് അച്ഛനും ചങ്ങാതിമാരും കള്ളും ചീട്ടുകളിയുമായി ഇരിക്കുന്നത് കണ്ടത്.



അപ്പോഴാണ് അച്ഛന്റെ വായിൽ നിന്നും ആ സത്യം വീഴുന്നത് .ഞാൻ ഒരുപാട് സ്നേഹിക്കുന്ന അച്ഛനാണ് എന്റെ അമ്മയെ കൊന്നത് എന്ന സത്യം അറിഞ്ഞപ്പോൾ മുതൽ ഇനിയുള്ള കാലം അച്ഛന്റെ കൂടെ ജീവിക്കാൻ എനിക്ക് ഭയമായി മാറി .പിന്നീട് ഞാൻ അച്ഛനെ കാണുമ്പോൾ ഒഴിഞ്ഞുമാറി നിന്നിരുന്നു എന്തിനാണ് അച്ഛൻ എന്റെ അമ്മയെ കൊന്നത് എന്ന് അന്വേഷിക്കാൻ ഞാൻ തീരുമാനിച്ചു. പിന്നീടാണ് ഞാൻ ആലോചിച്ചത് അമ്മയും ഈ വീട്ടിൽ ആണല്ലോ ജീവിച്ചത്. അമ്മയുടെ ജീവിതക്കുറിപ്പുകൾ വല്ലതും ഈ വീട്ടിൽ ഉണ്ടാകും എന്ന് കരുതി ഞാൻ വീട് മുഴുവൻ അരിച്ചു പെറുക്കി കൊണ്ടിരിക്കുമ്പോഴാണ് കീറിയ കടലാസ്സുകൾ എനിക്ക് ഒരു കവറിൽ നിന്ന് കിട്ടിയത് .ആ കടലാസുകളെല്ലാം പൊടിതട്ടി എടുത്ത് പല രീതിയിലും യോജിപ്പിച്ച് നോക്കി .അവസാനം വരയും കുത്തുമുള്ള ഒരു ചിത്രം കിട്ടി. പിന്നീടാണ് ചെറിയ അക്ഷരങ്ങളിൽ ആ എഴുത്തുകൾ കണ്ടത്. അതിൽ ഞാൻ കണ്ടത് ഇതുവരെ ഞാൻ കാണാത്ത എന്റെ അമ്മൂമ്മയുടെ

ആ വീട്ടിലേക്ക് പോകാൻ ഞാൻ തീരുമാനിച്ചു. പിറ്റേദിവസം അച്ഛൻ അറിയാതെ ഷർട്ടിൽ നിന്ന് ഇരുപത്തിയഞ്ച് പൈസയുടെ തുട്ട് എടുത്ത് ആ കടലാസും കൊണ്ട് വീട്ടിൽ നിന്ന് ഇറങ്ങി. അതിൽ കാണിച്ചിട്ടുള്ള വഴിയിലൂടെയാണ് ഞാൻ നീങ്ങിയത് . നടന്നു ക്ഷീണിച്ചപ്പോൾ വിശ്രമിക്കാൻ തീരുമാനിച്ചു. അടുത്തു കണ്ട പാറകളിൽ ഞാൻ കുറച്ചുനേരം ഇരുന്നു .അപ്പോഴാണ് ആ വഴിയിലൂടെ വിചിത്രമായ വേഷത്തിൽ തോളിൽ മൺകുടവും കയ്യിൽ വടിയുമായി ഒരാൾ എന്റെ അടുക്കലേക്ക് കടന്നുവന്നു .എന്നിട്ട് എന്നോട് പറഞ്ഞു "നീ ആരാ? എന്തിനാ വന്നേ ഇവിടുന്ന് പൊയ്ക്കോ "ഈ മൂന്ന് വാക്കുകൾ പറഞ്ഞ് അയാൾ കടന്നുപോയി. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഭയാനകമായ പല ശബ്ദങ്ങളും കേൾക്കാൻ തുടങ്ങി .ഭയം കൂടിയപ്പോൾ കടലാസ് നോക്കി യാത്ര തുടർന്നു . ശ്മശാനങ്ങളും വരണ്ടപ്രദേശങ്ങളും കടന്ന് ഞാൻ എന്റെ അമ്മൂമ്മയുടെ വീട്ടിലെത്തി. അവിടെ ഇരിക്കുന്ന വയസ്സായ സ്ത്രീയുടെ അടുത്തേക്ക് പോയി. അവരുടെ അടുത്ത് സംസാരിച്ചപ്പോഴാണ് മനസ്സിലായത് അത് എന്റെ അമ്മൂമ്മ ആണെന്ന്. അമ്മൂമ്മയോട് ഞാൻ ചോദിച്ചു "എന്നെ മനസ്സിലായോ? അമ്മൂമ്മയുടെ മരിച്ചുപോയ ജാനുവിന്റെ മകളാണ് ഞാൻ". അതറിഞ്ഞ് അമ്മൂമ്മയുടെ കണ്ണുകൾ നിറഞ്ഞു എന്നെ കെട്ടിപ്പുണർന്നു പിന്നീട് അമ്മൂമ്മ എന്നോട് ചോദിച്ചു" നീ എന്തിനാ തനിച്ചു വന്നത്?" "ഞാൻ ഒരു സത്യം അറിയാൻ വന്നതാണ് എന്റെ അമ്മയെ അച്ഛൻ എന്തിനാണ് കൊന്നത്?" അമ്മൂമ്മ കരഞ്ഞുകൊണ്ട് പറഞ്ഞു "ഇത് നീ എങ്ങനെ അറിഞ്ഞു ?" "അച്ഛൻ ചങ്ങാതിമാരോട് പറയുന്നത് കേട്ടാണ് അറിഞ്ഞത്" ഇത് പറഞ്ഞ് കൊണ്ടിരിക്കുമ്പോൾ അമ്മൂമ്മ പറഞ്ഞു "ഒരു ദിവസം അമ്മ ജോലി കഴിഞ്ഞ് വരുമ്പോൾ അച്ഛനും കൂട്ടുകാരും കള്ളും കുടിച്ച് ഇരിക്കുകയായിരുന്നു. അമ്മ വീടിനുള്ളിൽ കയറി കള്ളു കുടിക്കുന്നതിന് അച്ഛനെ ചീത്ത പറഞ്ഞു. അപ്പോൾ അവർ തമ്മിൽ വഴക്കുണ്ടായി .അച്ഛൻ അപ്പോൾ ഒരുപാട് ദേഷ്യം വന്നു .ഇതു മനസ്സിലാക്കിയ ചങ്ങാതിമാർ അച്ഛനെ മയക്കി കിടത്തി. ആ ചങ്ങാതിമാർ നിന്റെ അമ്മയുടെ മുടിയിൽ പിടിച്ച് വലിച്ച് ചുമര് ചേർത്തി ഉരച്ച് ചില്ല് കുപ്പി തലയ്ക്ക് അടിച്ച് അതിക്രൂരവും പൈശാചികവുമായി കൊലപ്പെടുത്താൻ ശ്രമിച്ചു. മയക്കത്തിൽ നിന്ന് ഉണർന്നുവന്ന അച്ഛനും ചങ്ങാതിമാരും ചേർന്ന് പാതി ജീവനോടെ അവളെ കത്തിച്ചു ". ഇതാണ് സംഭവിച്ചത് എന്ന് പറഞ്ഞ് അമ്മൂമ്മ പൊട്ടിക്കരഞ്ഞു. ഇതുകേട്ടതിനു ശേഷം അച്ഛൻ എന്ന വാക്കിനോട് ഭയവും വെറുപ്പും തോന്നി. ഇനി അച്ഛന്റെ അടുത്തേക്ക് പോകില്ല എന്ന് വിചാരിച്ച് ഇനിയുള്ള കാലം അമ്മൂമ്മയുടെ കൂടെ ജീവിക്കാൻ ഞാൻ തീരുമാനിച്ചു.





# നിലാവിന്റെ നിഴൽപ്പാടുകൾ

അഞ്ജന എം & ദേവിദ്യ എം ബി

ഞാൻ ആരാണെന്ന് പറയുന്നതിനു മുൻപ് എങ്ങനെ എന്ന് പറയുന്നതിനു മുൻപ് നിങ്ങൾ എന്റെ ജീവിതത്തെപ്പറ്റി അറിയണം .ഓരോ രാവും പകലും കടന്നുപോകുന്നത് ദു:ഖവും സന്തോഷവും എന്തെറിയാതെയാണ്. ഓർമ്മവച്ച കാലം തൊട്ടേ അച്ഛനും അമ്മയും എന്റെ മുന്നിൽ സന്തോഷത്തോടെ ആണെങ്കിലും എവിടെയോ ദു:ഖത്തിന്റെ തണലുകൾ ഒളിച്ചിരിക്കുന്നുണ്ടായിരുന്നു.

അച്ഛനും അമ്മയും ചെറുപ്പം മുതൽ എന്റെ ആഗ്രഹങ്ങൾ സന്തോഷത്തോടെ നിറവേറ്റിതന്നിരുന്നു. അതിൽ ഞാൻ സംതൃപ്തയായിരുന്നു. പക്ഷേ, വളരുംന്തോറും ദു:ഖത്തിന്റെ നിഴൽ എന്നെ ആകർഷിച്ചു കൊണ്ടിരുന്നു. കേവലം ഒരു പെൺകുട്ടി എന്ന വില പോലും എന്നിൽ നിന്നും അകന്നു പോവുകയായിരുന്നു. എങ്കിൽപോലും എന്റെ ഏക ആശ്വാസം അനിയൻ എന്നെ പരിഗണിച്ചിരുന്നത് ആയിരുന്നു എവിടെയോ വെച്ച് എനിക്ക് അവനിലും ഒരു വേർപാട് തോന്നിയിരുന്നു.

ഞാൻ ആതിര എന്റെ സ്വന്തം ജീവിതത്തിലെ അനുഭവങ്ങളാണ് ഞാൻ പങ്കുവെക്കുന്നത്. കാലങ്ങൾ കടന്നുപോകും തോറും അച്ഛന്റെ മനസ്സും മാറാൻ തുടങ്ങിയിരുന്നു. അതിലൂടെ അച്ഛനിൽ പുതിയ ബന്ധവും പൂവിട്ടു. ആ പൂവിന് ഇത്രമേൽ ഞങ്ങളെ

കുത്തിനോവിപ്പിക്കാൻ കഴിയുമെന്ന് ഞങ്ങൾ അറിഞ്ഞില്ല. ഈ ബന്ധത്തിന്റെ പേരിൽ കുത്തിനോവിക്കപ്പെട്ടത് ഞങ്ങളായിരുന്നു അച്ഛനും അമ്മയും തമ്മിൽ ഈ ബന്ധത്തിന്റെ പേരിൽ വലിയ പ്രശ്ണങ്ങൾക്ക് കാരണമായി. ഇതിനെ തുടർന്ന് പ്രശ്ണങ്ങൾ രൂക്ഷമായി അതിന്റെ ഭാഗമായി ഈ പ്രശ്ണം കത്തിക്കരികിൽ എത്തിപ്പെട്ടു. അപ്പോഴാണ് അച്ഛന്റെയും അമ്മയുടെയും പ്രശ്ണം ഞങ്ങൾ അറിയുന്നത്. സന്തോഷം മാത്രം അനുഭവിച്ച ഞങ്ങൾക്ക് ഒരു ദു:ഖം വന്നാൽ എങ്ങനെ പ്രതിരോധിക്കണമെന്ന് അറിയില്ലായിരുന്നു.ഒന്നും ചെയ്യാൻ കഴിയാതെ പൊട്ടിക്കരയാൻ മാത്രമേ ഞങ്ങൾക്ക് സാധിച്ചുള്ളു. അവസാനം ഞങ്ങളുടെ സങ്കടത്തിനു മുന്നിൽ അവരുടെ ദേഷ്യം പൂ പൊഴിയുന്നതുപ്പോലെ ഇല്ലാതാക്കാൻ ഞങ്ങൾക്ക് സാധിച്ചു.ആദ്യം ഞങ്ങൾ കരുതിയത് അമ്മയുടെ വെറും സംശയം മാത്രമാണ് എന്നാണ്. പക്ഷേ അത് യാഥാർത്ഥ്യമാണെന്ന് അറിയാൻ ഞങ്ങൾക്ക് കുറച്ച് സമയം വേണ്ടിവന്നു. അപ്പോഴും അച്ഛന് ആ ബന്ധത്തിൽ തന്നെ നിലനിൽക്കണമെന്നത് ഒരു ആവശ്യം തന്നെയായിരുന്നു.ഒരു ചെടിയിൽ പൂമൊട്ട് ഉണ്ടാകുന്നതുപോലെ അച്ഛനും ആ ബന്ധത്തിൽ ഒരു മൊട്ടുണ്ടായി തീർന്നിരുന്നു. ഇതെല്ലാം അറിഞ്ഞപ്പോൾ അമ്മയ്ക്ക് ഈ

ബന്ധം വേണ്ട എന്ന് തോന്നുകയായിരുന്നു.

പിന്നീട് അച്ഛനും അമ്മയും തമ്മിലുള്ള വേർപിരിയലിനു ശേഷം ഞാൻ പുതിയ ജീവിതത്തിലേക്ക് എത്തിപ്പെട്ടു. അച്ഛൻ കൈവിട്ട ഞങ്ങളെ അമ്മയുടെ ഒപ്പമാക്കിതീർത്തു. അപ്പോഴും അമ്മയുടെ സഹോദരന്മാരുടെ കുത്തുവാക്കുകൾ ഞങ്ങളെ വേദനിപ്പിച്ചു ഏക ആശ്വാസം മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കരുതലും സ്നേഹവും ആയിരുന്നു ഞങ്ങൾ കഴിഞ്ഞുപോയ കാലത്തെ മറന്ന് ബാക്കിയുള്ള കാലത്തിലേക്ക് ഉള്ള യാത്ര തുടങ്ങി .ഞാൻ കോളേജിലേക്കും അനിയൻ പഠിക്കാൻ പോകാനും തുടങ്ങി. കോളേജിൽ പോകാൻ തുടങ്ങിയപ്പോൾ മുതലാണ് ഞാൻ മാനസികമായി സുഖം പ്രാപിച്ചത്. കോളേജിൽ എത്തുമ്പോൾ ഞാൻ വീട്ടിലുള്ള പ്രശ്നങ്ങളെല്ലാം മറന്ന് സന്തോഷത്തിന്റെ നാളുകളിലേക്ക് കുതിച്ചുയരാൻ തുടങ്ങി. അവിടെ പോയപ്പോൾ മനസ്സ് തുറന്ന് സംസാരിക്കാൻ നിറയെ സുഹൃത്തുക്കളെ കിട്ടി. അവിടെവച്ച് ഒരു പ്രത്യേക സാഹചര്യത്തിൽ ഞാനും ഒരു ആൺകുട്ടിയുമായി പ്രണയത്തിലാണ്ടു.പൂമ്പാറ്റകളെപ്പോലെ ഞങ്ങളും പാറിപ്പറന്നു. എല്ലാം ശാന്തമായി പോയ സമയത്ത് ഞങ്ങൾ പോലും അറിയാതെ ഞങ്ങളെ നിരീക്ഷിച്ച ചിലർ ഞങ്ങളുടെ പ്രണയത്തെ ചോദ്യം ചെയ്തു .ഉന്നത അധ്യാപകരും മറ്റും അറിയുകയും ചോദ്യം ചെയ്യുകയും ചെയ്തു കഴിഞ്ഞപ്പോൾ ഞാൻ വിചാരിച്ചു അവനോട് പറയാമെന്ന് പക്ഷേ അവനും എന്നെപ്പോലെയൊരു അവസ്ഥയിലാണ്. ഒരുപക്ഷേ അമ്മയോട് പറയാം എന്ന് കരുതിയാൽ അച്ഛന്റെ ബന്ധവും അതും പോരാതെ അമ്മ എന്നിൽ നിന്നും പ്രതീക്ഷിക്കാത്ത ഈ കാര്യവും അറിഞ്ഞാൽ അമ്മ പൂർണ്ണമായും തളർന്നുപോകും. അതുകൊണ്ടുതന്നെ എന്തുചെയ്യണമെന്നറിയാതെ ഞാൻ തളർന്നു. നിരാശയായ എന്റെ മുന്നിൽ ഒരു വഴി മാത്രമേ തെളിഞ്ഞുള്ളൂ മരങ്ങളിൽ നിന്ന് കൊഴിഞ്ഞു വീഴുന്ന ഇലകളെ പോലെ ഞാൻ മരണത്തിലേക്ക് സഞ്ചരിച്ചു. സന്തോഷങ്ങളും, ദു:ഖങ്ങളും ,വികാരങ്ങളും ,വിചാരങ്ങളും ഒന്നുമില്ലാത്ത ലോകത്തേക്ക് യാത്രയായി.

# അപ്പൂവിന്റെ ജീവിതം



അക്ഷയ് എസ്

അപ്പു എന്നൊരു ചെറിയ കുട്ടി ഉണ്ടായിരുന്നു .അവൻ എല്ലാ ദിവസവും കാട്ടിൽ വിറക് ശേഖരിക്കാൻ പോകും. അതുപോലെ അപ്പുവിന്റെ മറ്റൊരു കൂട്ടുകാരനായിരുന്നു രമേശ് .അപ്പു വളരെ പാവപ്പെട്ടവൻ ആയിരുന്നു. പക്ഷേ രമേശ് വലിയ പണക്കാരനും അത്യാവശ്യം കുറുമ്പനും ആയിരുന്നു. അപ്പുവിന്റെ ചെറിയൊരു വീടാണ് . എന്നാൽ രമേഷിന്റേത് രണ്ട് നില വീടായിരുന്നു. പിന്നെ രമേശിന് സ്വന്തം കളി സ്ഥലം ഉണ്ടായിരുന്നു . അവിടെ രമേശ് മാത്രമാണ് കളിക്കുക . അപ്പുവിനെ കളിക്കാൻ കൂട്ടില്ലായിരുന്നു. എന്നാലും അപ്പു കളിക്കുമ്പോൾ രമേശിനെയും കൂട്ടുമായിരുന്നു. അങ്ങനെ ഒരു ദിവസം അപ്പുവിന്റെ വീട്ടിലേക്ക് കളിക്കാൻ രമേശ് വന്നു . അപ്പോൾ അപ്പു പറഞ്ഞു ." ആ രമേശ് വാ കേറി വാ നമുക്ക് കണ്ണുപൊത്തി കളിക്കാം ". എന്നിട്ട് രമേശ് പറഞ്ഞു " അയ്യേ ഞാൻ ഒന്നും ഇല്ല നിന്റെ ഈ വീട്ടിലേക്ക് എന്റെ വീട് വലിയ വീടാണ് പക്ഷേ നിന്റെ വീട് ചെറുതാണ് ഇതാണ് നമ്മുടെ വ്യത്യാസം ഞാൻ നിന്റെ വീട്ടിലേക്ക് വന്നത് കളിക്കാൻ അല്ല" അപ്പോൾ അപ്പു പറഞ്ഞു " എന്റെ വീട് ചെറുതാണെങ്കിലും ഇവിടെ താമസിക്കാൻ നല്ല സുഖമാണ്". " എനിക്ക് ഇവിടെ നിൽക്കാൻ പറ്റില്ല എന്റെ അച്ഛൻ നിന്നെ വീട്ടുജോലി ചെയ്യാൻ വിളിച്ചതാണ് നീ ആ ജോലി ചെയ്താൽ നിനക്ക് എണ്ണൂറ് രൂപ എന്റെ അച്ഛൻ തരും ". അപ്പോഴാണ് അപ്പുവിന്റെ അമ്മയ്ക്ക് വയ്യാതായത്. അത്യാവശ്യമായി പണം വേണ്ടിവരും. അപ്പോൾ അപ്പു പറഞ്ഞു "ആ രമേശ് ഞാൻ നിന്റെ വീട്ടിലേക്ക് ജോലി ചെയ്യാൻ വരാം" അപ്പൂ ആദ്യമായി രമേശിന്റെ വീട്ടിലേക്ക് കയറി. അതുകണ്ട് രമേശിന്റെ അച്ഛൻ രവി പറഞ്ഞു " രമേശേ നീ എന്തിനാ ഇവനെ ഉള്ളിലേക്ക് കൊണ്ടുവന്നത് നമ്മൾ പണക്കാരനാണ് ഇവൻ പാവപ്പെട്ടവനും " അത് കേട്ടിട്ടു അപ്പുവിന് വിഷമമായി. അപ്പു രമേശനോട് പറഞ്ഞു " രമേഷെ ഞാനിപ്പോൾ വരാം എന്ന് പറഞ്ഞു " അപ്പു അപ്പുറത്തുള്ള മരത്തിന്റെ ചുവട്ടിൽ നിന്ന് കരഞ്ഞു കരഞ്ഞ് ഒരു വഴിയായി അപ്പോഴാണ് മായാജാലക്കാരിയായ ഒരു മുത്തശ്ശിയെ കണ്ടത്. ആ മുത്തശ്ശി ചോദിച്ചു അപ്പു എന്തിനാ കരയുന്നത്. അതിന് നിങ്ങൾക്ക് എങ്ങനെ പേരറിയാം. അത് എനിക്ക് അറിയാം .നിന്റെ പ്രശ്നം എന്താണെന്ന് പറയൂ . അപ്പു പറഞ്ഞു " എന്റെ വീട് മാത്രം എന്താ ഇത്ര ചെറുത് എന്റെ കൂട്ടുകാരന്റെ മാത്രം വലിയ വീട്. പിന്നെ രമേശിന്റെ അച്ഛൻ എന്നെ ചീത്ത പറഞ്ഞു." അപ്പോൾ മായാജാലിക്കാരി ഒരു വിദ്യ കാണിച്ചു .അപ്പോൾ അപ്പുവിന്റെ വീട്ടിൽ ഒരു ഒച്ച അത് കേട്ട് അപ്പു പോയി നോക്കിയപ്പോൾ അവന്റെ വീട്ടിലെ ഫാനിൽ നിന്ന് സ്വർണ്ണനാണയങ്ങൾ വീഴുന്നുണ്ടായിരുന്നു . പിന്നെ അപ്പു പുറത്തേക്കു നോക്കിയപ്പോൾ മായാജാലിക്കാരിയെ കാണാനില്ല .അപ്പുവിന് ആ സ്വർണ്ണം കണ്ട് സന്തോഷമായി. പിന്നെ രമേശിനെ പോലെ വലിയ വീട് കെട്ടി അപ്പുവിന്റെ കൂടെ രമേശും കളിക്കാൻ തുടങ്ങി. അങ്ങനെ അവരുടെ സൗഹൃദം നിലനിന്നു .



അനാമിക എം കെ

# അങ്ങനെ ഒരു മഴക്കാലത്ത്

മീനു വൈകിയാണ് ഉറങ്ങിയത് .ഒരു സ്വപ്നം കണ്ട് ഞെട്ടിയുണർന്ന മീനു വെളിയിൽ എന്തൊക്കെയോ ശബ്ദം കേട്ടു .അവൾക്ക് പേടിയായി .ശ്രദ്ധയോടെ അവൾ കാതോർത്തു. അതിശക്തമായ കാറ്റും മഴയും ആയിരുന്നു. പുതച്ചുമൂടി കിടന്നുറങ്ങി .അതിരാവിലെ ജനാലയുടെ അടുത്തുചെന്ന് വെളിയിലേക്ക് എത്തിനോക്കി .മുറ്റത്ത് അവിടെവിടെ മഴവെള്ളം തങ്ങിനിൽക്കുന്നു കിളികളുടെ ശബ്ദവും തണുത്ത കാറ്റും മരങ്ങളെല്ലാം മഴ നനഞ്ഞ് തളിർത്തു നിൽക്കുന്നു. ചില പക്ഷികൾ മഴ നനഞ്ഞതിന്റെ തണുപ്പ് മാറാൻ ചിറകുകൾ കുടയുന്നത് കണ്ട് അവൾ രസിച്ചു നിന്നു. മെല്ലെ മീനു മുറ്റത്തേക്ക് ഇറങ്ങി നോക്കിയപ്പോൾ എന്ത് രസമാണ് ഒരിക്കലും മറക്കാനാവാത്ത കാഴ്ചയായിരുന്നു അത്. കുറച്ചുനേരം കഴിഞ്ഞപ്പോൾ സ്സൂര്യനുദിച്ചു .നല്ല വെയിൽ. മുറ്റത്തെ വെള്ളമെല്ലാം ഉണങ്ങി ചൂട് അനുഭവപ്പെടാൻ തുടങ്ങി മീനുവിന്റെ മനസ്സിൽ വീണ്ടും ചിന്തകൾ ഉണർന്നു. ഇലകൾക്ക് അനക്കമില്ല കാറ്റുമില്ല ചൂട് സമയത്തേക്കാൾ മഴക്കാലമാണ് നല്ല രസം എന്ന് അവൾ കൂട്ടുകാരിയോട് പറഞ്ഞു. കുറച്ചുനേരം കളിക്കാം കളികഴിഞ്ഞ് വീട്ടിലേക്ക് വരുമ്പോൾ മാനത്തൊന്ന് നോക്കിയപ്പോൾ കറുത്തിരുണ്ട കാർമേഘങ്ങൾ വരുന്നു ആരോ പറയുന്നത് കേട്ടു "ഇന്നും നല്ല മഴയുണ്ടാകും" അത് കേട്ടപ്പോൾ മീനുവിന് സന്തോഷമായി. അവൾ വീണ്ടും ആ കാഴ്ച കാണാൻ ആഗ്രഹിച്ചു. നേരം പുലർന്നു .മുറ്റത്ത് നോക്കിയപ്പോൾ കാറ്റുമില്ല മഴയുമില്ല.



# മതിലുകൾ

ഹന ഹരിദാസ്

മലയാളത്തിലെ പ്രശസ്ത എഴുത്തുകാരനായ 'ബേപ്പൂർ സുൽത്താൻ ' എന്നറിയപ്പെടുന്ന 'വൈക്കം മുഹമ്മദ് ബഷീന്റെ' പ്രശസ്ത കൃതിയിൽ ഒന്നാണ് 'മതിലുകൾ' . തികച്ചും യാദൃശ്ചികമായ സംഭവവികാസങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ് ഇത്. രാഷ്ട്രീയത്തിന്റെ പേരിൽ ജയിലിൽ സംഭവിച്ച വിശേഷങ്ങളും പ്രേമകഥയും ആണ് ഇവിടെ വൈക്കം മുഹമ്മദ് ബഷീർ രചിച്ചിട്ടുള്ളത്. കഥയുടെ തുടക്കം തന്നെ അദ്ദേഹത്തിനെയും കൊണ്ട് ഒരു പോലീസുകാരൻ സെൻട്രൽ ജയിലിൽ പ്രവേശിക്കുമ്പോൾ പെണ്ണിന്റെ ചിരിയും ,സുഗന്ധവും അനുഭവപ്പെടുന്നു ശേഷം തനിക്കറിയാവുന്ന അനേകം ക്ലാസ്മേറ്റുകളെ കണ്ടുമുട്ടുന്നു അദ്ദേഹം ഉൾപ്പെടെ 18 രാഷ്ട്രീയ തടവുകാർ. നാട്ടിലെക്കാളും നല്ല ഭക്ഷണം കഴിച്ച് അവരോടൊപ്പം അദ്ദേഹം വസിച്ചു .അദ്ദേഹത്തിന് എഴുതാനുള്ള പേപ്പറും പേനയും പോലീസുകാർ നൽകി .ഒരുപാട് നാളുകൾക്കു ശേഷം പെട്ടെന്ന് ഒരു ഓർഡർ വന്നു. 18 രാഷ്ട്രീയ തടവുകാരിൽ ബഷീർ ഒഴികെ മറ്റെല്ലാവരെയും സ്വതന്ത്രനാക്കാൻ അവരെല്ലാവരും പോയതിനുശേഷം അദ്ദേഹത്തിന് വല്ലാതെ ഒറ്റപ്പെടൽ അനുഭവപ്പെടുകയും തുടർന്ന് ജയിൽ ചാടാൻ തീരുമാനിക്കുകയും ചെയ്യുന്നു.ശക്തമായ കാറ്റും മഴയും ഇടിമുഴക്കവുമുള്ള രാത്രിയ്ക്കായി ബഷീർ കാത്തിരിക്കുന്നു. ഒരു ദിവസം പെൺജയിലിന്റെയും ആൺജയിലിന്റെയും അതിർത്തിയിലെ മതിലിൽ നിൽക്കുന്ന സമയം ഒരു പെൺസ്വരം. ആദ്യമായി ജയിലിൽ പ്രവേശിച്ചപ്പോൾ അനുഭവപ്പെട്ട അതേ സുഗന്ധം ബഷീർ ചോദിച്ചു ''ആരാണ് ഇവിടെ? '' മൃദുലമായ സ്വരത്തിൽ മറുപടി വന്നു ''ഞാൻ നാരായണിയാ''തുടർന്ന് അവർ കാണാതെ ശബ്ദങ്ങൾ കേട്ടുകൊണ്ട് സംസാരിച്ചുകൊണ്ടിരു-ന്നു ഒരുപാട് നാൾ .അവർക്ക് കാണാൻ ആശയായി. ഒരു പദ്ധതി തയ്യാറാക്കി. ബഷീറിനു അസുഖമാണ് എന്നു പറഞ്ഞ് ആശുപത്രിയിലേക്ക് വരുമ്പോൾ കാണാമെന്ന് ആ ദിവസം രാത്രി ശക്തമായ മഴയും കാറ്റും ഇടിമുഴക്കവും ഉണ്ടായിരുന്നു. കാണാനുള്ള ആഗ്രഹത്താൽ അദ്ദേഹം ജയിൽ ചാടാനുള്ള പദ്ധതി മാറ്റിവയ്ക്കുന്നു. അടുത്തദിവസം നാരായണിയെ കാണാൻ ഒരുങ്ങുമ്പോൾ ഒരു ഇൻസ്പെക്ടർ വന്ന് തനിക്ക് ജയിൽ മോചനം കിട്ടിയെന്നു പറയുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ വസ്ത്രം അദ്ദേഹത്തിനു നൽകി അദ്ദേഹത്തിന്റെ ലോക്കപ്പ് പൂട്ടി കാണാത്ത പ്രണയത്തെ തേടി കാണുന്നതിനു തൊട്ടുമുമ്പ് അദ്ദേഹം വിട്ടിറങ്ങി. നാരായണിയുടെ നൂറായിരം ഓർമ്മകൾ കൊണ്ട് ശുഭം.



# ആരോ ഒരാൾ

ഹന ഹരിദാസ്

മാധവ് വിദേശത്ത് പഠിക്കാൻ പോയിട്ട് രണ്ടുവർഷമായി . ഇതുവരെ ഇങ്ങനെ ഒരു സംഭവം അവന്റെ ജീവിതത്തിൽ ആദ്യമായിരുന്നു. അന്നൊരു രാത്രിയാണ് അത് സംഭവിച്ചത് മിന്നലിന്റെ ഇടിമുഴക്കത്തിൽ പുതിയ വാടകവീട്ടിൽ തനിച്ചു താമസിക്കുന്നത് കൊണ്ട് തന്നെ അവൻ വല്ലാതെ ഭയന്നിരുന്നു. പ്രത്യേകിച്ച് രാത്രികളിൽ അവിടെ എന്തോ തെറ്റായി സംഭവിക്കുന്നുണ്ടായിരുന്നു എന്നാൽ അവൻ അത് കാര്യമാക്കിയില്ല എന്നാൽ ഒരു ദിവസം അത് വളരെ അധികമായി രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ ആരോ വന്ന് വാതിലിൽ ശക്തിയായി തട്ടുന്നു മഴയുടെ ശബ്ദമാണെന്ന് കരുതി അവൻ ഉറങ്ങി. രാവിലെ എല്ലാം ശാന്തമായിരുന്നു കോളേജിൽ പോയി വന്നതിനുശേഷം രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോൾ അത് വീണ്ടും സംഭവിച്ചു പക്ഷേ ഇത്തവണ മഴയുണ്ടായിരുന്നില്ല വീണ്ടും വീണ്ടും വാതിൽ മുട്ടിക്കൊണ്ടിരുന്നു താൻ ഒറ്റയ്ക്ക് താമസിക്കുന്ന വീട്ടിൽ ആരാണ് മറ്റൊരു രണ്ടാമൻ എന്നവൻ ചിന്തിച്ചു. ആ ശബ്ദം കൂടി കൂടി വന്നു വളരെ ഭയാനകരൂപത്തിൽ അവന്റെ ഹൃദയമിടിപ്പ് കൂടി വന്നു .വല്ലാതെ വിയർത്തു. അവൻ ഇതുവരെ ഇങ്ങനെ വിയർത്തിയിട്ടില്ല .പേടിച്ചു കരയാൻ തുടങ്ങി വല്ലാതെ കിതച്ചു ശ്വാസം കിട്ടാതെയായി പെട്ടെന്നു ശബ്ദം നിലച്ചു ഫാൻ കറങ്ങുന്ന ശബ്ദവും അവൻറെ കിതപ്പിന്റെ ശബദം മാത്രം .അവൻ എഴുന്നേൽക്കാതെ അങ്ങനെ കിടന്നു. രാവിലെ എഴുന്നേറ്റ് അവൻ ഇന്നലത്തെ കാര്യങ്ങൾ വീണ്ടും വീണ്ടും ആലോചിച്ചു പേടികൊണ്ട് എപ്പോഴാണ് ഉറങ്ങിയത് എന്നവന് ഓർമ്മയില്ല ആ വീട്ടിൽ താമസിക്കാൻ അവൻ വല്ലാതെ ഭയന്നു .ആ ദിവസം തന്നെ അവന്റെ നാട്ടിലേക്ക് മടങ്ങി തന്റെ അച്ഛനും അമ്മയും താമസിക്കുവന്ന അടുത്തേക്ക്. അവൻ അവരോട് സംഭവിച്ചതൊന്നും പറഞ്ഞില്ല .വെക്കേഷന് വന്നതാണെന്ന് കള്ളം പറഞ്ഞു .അവൻ അവിടെ രണ്ടുമൂന്നു ദിവസം സമാധാനമായി ഉറങ്ങി .എന്നാൽ ഒരു ദിവസം രാത്രി പാതി ഉറക്കത്തിന് ശേഷം എഴുന്നേറ്റ് ഒരുപാട് ഉറങ്ങാൻ ശ്രമിച്ചു എന്നാൽ കഴിഞ്ഞില്ല. പെട്ടെന്ന് ഒരു ഒച്ച വീടിനു മുന്നിലുടെ ആരോ നിലവിളിച്ചു കരയുന്നതുപോലെ ഒരു സ്ത്രീ ശബ്ദം അത് അവന്റെ കാതുകളെ അലട്ടിക്കൊണ്ടിരുന്നു .അത് അവനെ ഉറങ്ങാൻ അനുവദിച്ചില്ല ഇത്തവണ്ണയും അവന്റെ മുറിയുടെ വാതിലിൽ ആരോ മുട്ടി അവൻ ധൈരത്തോടെ തുറന്നു ആരെയും കണ്ടില്ല .വല്ലാതെ ഭയപ്പെടുത്തി. അവൻ അവന്റെ കട്ടിലിൽ കിടക്കാൻ വന്നപ്പോൾ ആരോ അവനെ പിന്തുടരുന്നു അവൻ തിരിഞ്ഞുനോക്കി ആരുമില്ല അവൻ ഭയന്നു നിലവിളിച്ചു അലറി കേൾക്കുന്ന നിലവിളി അവന് മാത്രമേ കേട്ടിരുന്നുള്ളു . വല്ലാതെ വിയർത്തു അമ്മയുടെയും അച്ഛന്റെയും അടുത്ത് പോകാൻ വല്ലാതെ ഭയന്നു. ഇരുട്ടിൽ മറഞ്ഞിരിക്കുന്ന കറുത്ത രൂപം അവനെ വല്ലാതെ ഭയപ്പെടുത്തി . ആ രാത്രി ഭയത്തോട് കൂടി അവൻ ഉറങ്ങി . കുറച്ചു ദിവസങ്ങൾക്കുശേഷം ഒരു രാത്രി സ്കൂട്ടിയിൽ പോകുമ്പോൾ അത് സംഭവിച്ചു തികച്ചും ഭയാനകമായ കാടുപോലുള്ള സ്ഥലം . കാടിനുള്ളിലേക്ക് ഒരുപാത.ആ വിജനമായ പാതയിലൂടെ അവൻ തനിച്ചായിരുന്നതു കൊണ്ടുതന്നെ അവൻ വേഗതയിൽ വണ്ടിയോടിച്ചു പെട്ടെന്ന് പുറകിൽ നിന്ന് ഒരു നിലവിളി അവന് വണ്ടി നിർത്താൻ തോന്നി എന്നിട്ട് തിരിഞ്ഞു നോക്കിയപ്പോൾ......

# യാത്ര വിവരണം



നീതു എം

യാത്രാവിവരണങ്ങൾ അറിവും വിനോദവും പകർന്നു നൽകുന്നവയാണ് പ്രകൃതി ഭംഗിയുടെ അവതരണം മാത്രമല്ല ചരിത്രപരമായ വസ്തുകളിലേക്ക് നമ്മെ നയിക്കുന്ന വിജ്ഞാനം കൂടിയാണ് യാത്ര. 2023 ൽ ജനുവരി 14ന് എട്ടിൽ പഠിക്കുമ്പോൾ ഞങ്ങൾ ഒരു യാത്ര പോയി തൃശൂർ മ്യൂസിയം കാണാനാണ് പോയത് . ജനുവരി 14ന് രാവിലെ 7 മണിക്ക് യാത്ര പുറപ്പെട്ടു . വീണ്ണ എന്ന ടൂറിസ്റ്റ് ബസ്സിൽ ആണ് യാത്ര . ഞാൻ ബസ്സിന്റെ വിൻഡോ സീറ്റിൽ ഇരുന്നാണ് പോയത്. അതുകൊണ്ടുതന്നെ കാഴ്ചകൾ കാണാൻ പറ്റി.അതിവിശാലമായ കാഴ്ചകൾ ചെറിയ ചെറിയ വീടുകൾ ,കെട്ടിടങ്ങൾ ,പാഠങ്ങൾ ,താഴ്വരകൾ, വണ്ടികളുടെ ശബ്ദം, മലകൾ ,കുന്നുകൾ ,വിശാലമായൊഴുകുന്ന നദികൾ എന്നിവ ആസ്വദിക്കാൻ സാധിച്ചു രസകരമായി ഡാൻസും കളിച്ചും ഒടുവിൽ ഞങ്ങൾ തൃശൂർ പാർക്കിലെത്തി .അവിടെ അരികിൽ വിശാലമായി ഒഴുകുന്ന നദി കണ്ടു . അതിന്റെ ഒരു ഭാഗത്ത് ചെറിയ വെള്ളച്ചാട്ടം അതിന്റെ അരികിൽ മലകൾ മരങ്ങൾ കണ്ടു .ചുവട്ടിൽ തട്ടുതട്ടായി പാർക്ക് .അവിടെ ഞാനും ടീച്ചർമാരും കൂട്ടുകാരും കൂടി ആസ്വദിച്ചും ,കളിച്ചും, ഗാർഡനിലൂടെ നടക്കുമ്പോൾ ഒരു മരത്തിന് ചുവട്ടിൽ ബുദ്ധന്റെ പ്രതിമ കണ്ടു. പുലിയുടെയും, സിംഹത്തിന്റെയും പ്രതിമയിൽ നിന്ന് ഫോട്ടോയെടുത്തു. അങ്ങനെ യാത്ര തുടർന്നു പിന്നെ പോയത് മ്യൂസിയം കാണാനായിരുന്നു മ്യൂസിയത്തിന്റെ ഇരുവശത്തും മരങ്ങൾ ,ചെടികൾ, പൂക്കൾ, നടുവിൽ പീരങ്കിയുടെ പ്രതിമ വച്ചിരിക്കുന്നു .മ്യൂസിയത്തിനകത്ത് ആകർഷകമായ കാഴ്ചകൾ .നടുവിൽ ഒരു ആനയുടെ അസ്ഥികൂടം അതിനു ചുറ്റും പണ്ടത്തെ രാജാക്കന്മാരുടെ പ്രതിമയും അവർ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ അതിൽ ഒരു രാജാവിന്റെ പേരാണ് ”കൊച്ചിരാജാവ് “. മറ്റൊരു ഭാഗത്ത് വ്യത്യസ്തമായ കല്ലുകൾ. പണ്ടത്തെ മനുഷ്യർ കല്ലിൽ ചെയ്യ്തിരുന്ന കൊത്തുപണികൾ. മാങ്ങ ഉപ്പിൽ ഇട്ടതുപോലെ നിറയെ ജീവിയെ ഭരണിയിൽ ഇട്ടുവച്ചിരിക്കുന്നു. കേരളത്തിൽ പ്രധാനമായും അറിയപ്പെടുന്ന ആനയുടെ ഫോട്ടോ,പല മൃഗങ്ങളുടെ അസ്ഥികൂടം, പണ്ടത്തെ പാത്രം ,ഉപകരണം ഒരു ഭാഗത്ത് പലതരം പേരറിയാത്ത നിരവധി പക്ഷികൾ പേരറിയാത്ത നിരവധി മൃഗങ്ങൾ അതിൽ അത്ഭുതപ്പെടുത്തുന്നതാണ്.പുലിയും,സിംഹവും ആദ്യമായാണ് ഞാൻ നേരിട്ട് കാണുന്നത്. പലതരം വിഷമുള്ള പാമ്പുകൾ അക്വേറിയത്തിൽ ഇട്ടുവച്ചിരിക്കുന്നു .ഇതെല്ലാം ആണ് ഞാൻ മ്യൂസിയത്തിൽ കണ്ടത് .തൃശൂർ മ്യൂസിയത്തെപറ്റി ഞാൻ മനസ്സിലാക്കിയത്. പിന്നെ പോയത് സ്നേഹതീരം ബീച്ചിലാണ് അവിടെ മണിക്കൂറോളം കളിച്ചു സൂര്യാസ്തമയത്തെ ഇളം ചുവപ്പ് നിറമുള്ള സൂര്യനെ കാണാൻ നല്ല ഭംഗിയാണ്. ഞാൻ നേരിട്ട് കണ്ടത് ബീച്ചിൽ നിന്നാണ് .അങ്ങനെ വൈകുന്നേരം വീട്ടിലേക്ക് ,തിരിച്ചു രാത്രി പന്ത്രണ്ടു മണിക്ക് വീട്ടിലെത്തി .അങ്ങനെ എന്റെ യാത്ര അവസാനിച്ചു .മറക്കാൻ പറ്റാത്ത ഓർമ്മകളിൽ ഒന്നാണ് ഈ യാത്ര.



# പ്ലാസ്റ്റിക് നിരോധിക്കണമോ?

അനന്യ എസ്

പരിസ്ഥിതി മലിനീകരണത്തിന്റെ ഒരു പ്രധാന ഘടകമാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക് എന്ന പദാർത്ഥം മണ്ണിൽ ദ്രവിക്കാത്ത ഒന്നാണ്. ഇത് നമ്മൾ അറിയുമ്പോൾ നമുക്ക് തോന്നും പ്ലാസ്റ്റിക് ഉപയോഗിക്കരുത് എന്ന്. പക്ഷേ കടയിൽ പോയാൽ ഹോട്ടലിൽ നിന്ന് ഭക്ഷണം വാങ്ങിക്കുമ്പോൾ പ്ലാസ്റ്റിക് സഞ്ചിയിലാണ് നൽകുന്നത് .എന്തിന് വെള്ളം പോലും പ്ലാസ്റ്റിക് കുപ്പിയിലാണ് നൽകുന്നത് .അതിന്റെ ആവശ്യം തീരുമ്പോൾ ജനങ്ങൾ അത് പരിസ്ഥിതിയിലേക്ക് വലിച്ചെറിയുന്നു .അതുമൂലം പരിസ്ഥിതി മലിനമാകുന്നു വിനോദസഞ്ചാരികൾ കാണാൻ വരുന്ന സ്ഥലം അവരുടെ ഭക്ഷണം പൊതിഞ്ഞ കവറുകൾ വലിച്ചെറിഞ്ഞു വൃത്തികേടാക്കുന്നു. ലോകത്ത് കണ്ടുവരുന്ന ഒന്നാണ് പ്ലാസ്റ്റിക് .കവറിൽ ചൂട് ചായ ചൂട് ഭക്ഷണങ്ങൾ എന്നിവ കൊണ്ടു പോകുന്നത്. അത് വലിയ രോഗത്തിനു കാരണമാകുന്നു .മനുഷ്യന്റെ ആരോഗ്യം തകിടം മറിയുന്നു ഈ കലി കാലത്ത് എല്ലാവരും പ്ലാസ്റ്റിക് ഉപയോഗിക്കുന്നു .പഴയകാലത്ത് ഇലയാണ് സാധനങ്ങൾ കൊണ്ടു പോകുന്നത് ആ കാലത്തെ മനുഷ്യർക്ക് അസുഖം ഇല്ല .പ്ലാസ്റ്റിക് അധികമായി വീട്ടിൽ കത്തിക്കുന്നത് കാരണം ഓസോൺ പാളി നശിക്കുന്നു .ഓസോൺ പാളി നശിച്ചാൽ അൾട്രാ വയലറ്റ് കിരണങ്ങൾ ഭൂമിയിലേക്ക് പതിക്കുന്നു .പ്ലാസ്റ്റിക് കത്തിച്ചാൽ വായുമലിനീകരണത്തീന് കാരണമാകുന്നു .പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഉണ്ടാകുന്ന പുക ശ്വസിച്ച് മനുഷ്യർക്ക് ക്യാൻസർ എന്ന മാറാ രോഗത്തിനും കാരണമാകുന്നു. പ്ലാസ്റ്റിക് നമുക്ക് വേണമെങ്കിൽ നിരോധിക്കാനാവും .പക്ഷേ അതിന് ആരും തയ്യാറാകുന്നില്ല. കൊച്ചിയിലെ ബ്രഹ്മപുരത്തെ ഡംപ് യാർഡിൽ നിക്ഷേപം തുടങ്ങിയിട്ട് 16 വർഷമായി .ഇയിടെ മാലിന്യം പ്ലാന്റിൽ വൻ തീപിടുത്തം ഉണ്ടായി. വിഷപുകയിൽ നിവാസികൾ ശ്വാസംമുട്ടി എന്ന വാർത്ത കേരളത്തെ മുഴുവൻ പിടിച്ചു കുലുക്കി . മാലിന്യങ്ങൾ കൂമ്പാരം പോലെ കൂട്ടിയിട്ടിരിക്കുകയായിരുന്നു ഇത്രയും പ്ലാസ്റ്റിക് നമ്മൾ ഉപയോഗിച്ചത് കൊണ്ടാണ് ഇങ്ങനെ ഒരു വലിയ പ്രതിസന്ധി വരാൻ കാരണം. ഇതിനു പരിഹാരം കണ്ടെത്തി സർക്കാർ നവ കേരള മിഷൻ എന്ന പദ്ധതിയിലുടെ ഹരിത കർമ്മ സേനയ്ക്ക് ഓരോ വീട്ടിൽ നിന്നും അവർ ഉപയോഗിച്ച പ്ലാസ്റ്റിക് യൂസർ ഫീസ് ആയി 50 രൂപയും നൽകി വരുന്നു. അവർ വറുകൾ കൊണ്ടുപോയി റീസൈക്കിൾ ചെയ്തു റോഡ് ടാർ ചെയ്യുമ്പോൾ ഇടാനുള്ള പൊടിയായി ഉപയോഗിക്കും. പക്ഷേ മലയാളികളിൽ പലരും അത് ചെയ്യുന്നില്ല. 50 രൂപ കൊടുക്കാൻ മടിച്ച് അത് 50000 രൂപ അടയ്ക്കുന്നതിൽ കൊണ്ടെത്തിക്കും. ഇപ്പോൾ കടകളിൽ പ്ലാസ്റ്റിക് സാധനങ്ങൾ കൊടുക്കുയാണെങ്കിൽ വലിയ പിഴ സർക്കാർ ഈടാക്കിയിട്ടുണ്ട്.

ഇതിനാൽ പൂർണ്ണമായും എല്ലായിടത്തും പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിച്ചിട്ടില്ല. എങ്കിലും പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിച്ചിട്ടുണ്ട്. മാലിന്യമില്ലാത്ത ലോകത്ത് ജീവിക്കണം അസുഖങ്ങളിൽ നിന്ന് മുക്തമായി ആയുസ്സുള്ള ജീവിതം നയിക്കണം കേരളത്തിൽ നിന്ന് പ്ലാസ്റ്റിക് ഉപയോഗം നിർത്തണം .പ്ലാസ്റ്റിക് മുക്തമായ കേരളത്തെ തിരികെ കൊണ്ടുവരണം അതിനായി നമ്മൾ പ്ലാസ്റ്റിക് നിരോധിക്കണം.

# കൊടൈക്കനാലിലേക്കുള്ള ഒരു യാത്ര



സൂര്യ പി എസ്


കുടുംബത്തോടൊപ്പം പോകുന്ന യാത്ര എന്നും ഓർക്കുന്നതാണ് ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളാണ് .അതുപോലെ ഒരിക്കലും മറക്കാനാവാത്ത ഒരു യാത്ര ഞാനും പോയി .ഞാനും എന്റെ കുടുംബവും പുതിയ കല്യാണ ചെക്കനും പെണ്ണും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. വെള്ളിയാഴ്ച വൈകുന്നേരം ഞങ്ങൾ സ്കൂൾ കഴിഞ്ഞ് വേഗം വീട്ടിലേക്ക് ചെന്ന് ബാഗ് എല്ലാം പാക്ക് ചെയ്തു വച്ചു.അന്ന് ടൂർ പോകുന്ന എല്ലാവരും രാത്ര എന്റെ വീട്ടിൽ ആയിരുന്നു ഭക്ഷണം കഴിക്കുന്നത് .അതുകൊണ്ട് രാത്രിക്കുള്ള ഭക്ഷണം തയ്യാറാക്കാനായി അമ്മ ധൃതിയിലായിരുന്നു .ഞാൻ ആണെങ്കിലോ അവിടെ പോയി എന്തൊക്കെയാണ് ചെയ്യേണ്ടത് എന്ന ആകാംക്ഷയിലും രാത്രി 9:30ന് എല്ലാവരും ഭക്ഷണം കഴിച്ച് അവരുടെ വീട്ടിലേക്ക് മടങ്ങി. വണ്ടി വലിയച്ഛന്റെ വീട്ടിലേക്ക് വരികയുള്ളൂ. അതുകൊണ്ട് ഞങ്ങൾ വേഗം കുളിച്ച് റെഡിയായി അങ്ങോട്ടേക്ക് പോയി .ട്രാവലറിലായിരുന്നു യാത്ര 11 30ന് വണ്ടി വന്നു .ഞങ്ങൾ വണ്ടിയിൽ കയറി ഇവിടെ നിന്നും പുറപ്പെട്ടു തമിഴ്നാട്ടിൽ എത്തിയിട്ട് ചായകുടിക്കാനായി വണ്ടി നിർത്തി .ആരും അന്ന് ഉറങ്ങിയില്ല .ഉറങ്ങാതിരിക്കാൻ ഇടയ്ക്കിടെ വണ്ടി നിർത്തി ചായ കുടിക്കുമായിരുന്നു .അങ്ങനെ ചെക്പോസ്റ്റ് കടന്നുപോയി റൂമിലെത്തി .ചെക്ക് പോസ്റ്റ് എത്തുമ്പോഴേക്കും തന്നെ നല്ല തണുപ്പ് തുടങ്ങിയിരുന്നു സ്വെറ്ററും സോക്സും എല്ലാവരും ധരിച്ചു .3 മണിക്കാണ് അവിടെ എത്തിയത് .പോകുമ്പോൾ കൊണ്ടുപോയ കഴിക്കാനുള്ള സാധനങ്ങൾ കഴിച്ചു .റൂമിൽ തന്നെ ടിവി ഉള്ളതുകൊണ്ട് 7 മണി വരെ ടിവി കണ്ടു .ഞാനും ചേച്ചിയും ചേട്ടന്മാരും കൂടി നടക്കാൻ ഇറങ്ങി. ഒരു നല്ല കാഴ്ച കണ്ടു .മഞ്ഞ് പരന്നു കിടകുന്നു .അതിന്റെ ഇടയിൽ ചെറുതായി സൂര്യനുദിക്കുന്നത് കണ്ടു. ഞാൻ ഇതുവരെ കണ്ടതിൽ വച്ച് ഏറ്റവും നല്ല കാഴ്ച. 9:30 ന് കുളിച്ച് ഭക്ഷണം കഴിച്ചു . എന്നിട്ട് കോടൈ തടാകത്തിലേക്ക് പോയി .ഒരു വലിയ തടാകമാണ് അതിന് ചുറ്റും സന്ദർശിച്ചു .ബോട്ടിംഗ് ചെയ്തു രണ്ടുതവണ ബോട്ടിൽ കയറി ,ഒരുതവണ പോയപ്പോൾ തടാകത്തിന്റെ സൈഡിൽ ഐസ്ക്രീം കണ്ട് അത് വാങ്ങിച്ചു കഴിച്ചു. അതിനു ചുറ്റും കുതിരസവാരി ചെയ്തു .തടാകത്തിന് ചുറ്റും ഡബിൾ സൈക്കിൾ ഓടിച്ചു .പിന്നെ പാർക്കിലേക്ക് പോയി. ഒരു വലിയ ഗാർഡൻ പോലെ ആയിരുന്നു അതിൽ നിറയെ വെറൈറ്റി പൂക്കൾ ഉണ്ടായിരുന്നു. അതും കഴിഞ്ഞു ഉച്ച ഭക്ഷണം കഴിച്ച് ഒരു കാട്ടിലേക്ക് പോയി അവിടെ ഓരോ മരത്തിന്റെ പകുതി വേര് പുറത്തു കാണുമായിരുന്നു പക്ഷേ ഞങ്ങൾക്കവിടെ കൂടുതൽ കാണാനായി സാധിച്ചില്ല കാരണം ആന ഇറങ്ങിയത് കൊണ്ട് ഫോറസ്റ്റ് ഓഫീസർമാർ ആരെയും അങ്ങോട്ട് കടത്തുന്നുണ്ടായിരുന്നില്ല .പിന്നെ ഒരു സ്ഥലത്ത് ഏറ്റവും മുകളിലേക്ക് പടി കയറി പോയാൽ കോടമഞ്ഞ് നിറഞ്ഞു നിൽക്കുന്നത് കാണാൻ സാധിച്ചു.

കോടമഞ്ഞ് ഇടയ്ക്ക് വരും ഇടയ്ക്ക് പോകും.ചില സ്ഥലങ്ങളിൽ ഉണ്ടാവും ചില ഇടത്ത് ഉണ്ടാവില്ല.


അങ്ങോട്ട് പോകുന്ന സമയത്ത് കോട വരുന്നത് കണ്ടു. കോട കാരണം റോഡ് പോലും കാണാനായി സാധിച്ചില്ല. പിന്നെ പൈൻ തോട്ടത്തിലേക്ക് പോയി പിന്നെ സൂയിസൈഡ് പോയിന്റിലും അതിന്റെ അടുത്ത് കല്ലിൽ കുത്തിവെച്ച ആനയുടെയും ആനക്കുട്ടികളടയും ശില കണ്ടു .പിന്നെ റൂമിലേക്ക് പോയി, പിറ്റേന്ന് രാവിലെ സിൽവർ ക്യാസ്കോഡ് വെള്ളച്ചാട്ടം കാണാൻ പോയി .പിന്നെ നേരെ പഴനിയിൽ പോയി വരുന്ന വഴിയിൽ മലമ്പുഴയിൽ ഫ്ലവർ ഷോ നടക്കുന്നതറിഞ്ഞ് അങ്ങോട്ട് പോയി ഫ്ലവർ ഷോയും കണ്ട് 10 മണിയാവുമ്പോളേക്കും വീട്ടിലെത്തി.



# ARTSCAPE



AJEENA FATHIMA I
9A



ANAMIKA M K
5C




HARSHIL P P
8B



HARSHIL P P
8B




SAMRUTHA C S
5C



ADHISH K P
5C



JIJIMOL S
9A



PRAJWAL.A.V
8B

# വിവരസാങ്കേതികവിദ്യയുടെ വളർച്ചയും വികാസവും



റിസ്‌വാന കെ

ശാസ്ത്രം അനുദിനം വികാസം പ്രാപിച്ചുകൊണ്ടിരിക്കുകയാണ് .മനുഷ്യന്റെ ചെറുതും വലുതുമായ പല കാര്യങ്ങളിലും മനുഷ്യനെ പലവിധത്തിൽ ശാസ്ത്രംസഹായിക്കുന്നുണ്ട്. പല അപകടം പിടിച്ച് പ്രവർത്തിയും നിഷ്പ്രയാസം ചെയ്തുതീർക്കാൻ കഴിയുന്നുണ്ട് .ശാസ്ത്രത്തിന്റെ വളർച്ച മനുഷ്യകുലത്തിന് ഒരു അനുഗ്രഹമായി മാറിക്കൊണ്ടിരിക്കുകയാണ്. പണ്ട് നിലനിന്നിരുന്ന പല അന്ധവിശ്വാസങ്ങളെയും തല്ലികെടുത്തി ഒരു നവതലമുറയെ വാർത്തെടുക്കാൻ ശാസ്ത്രത്തിന് കഴിഞ്ഞു .

മൊബൈൽ, ലാപ്ടോപ്പ് ,കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങളുടെ വരവ് സമൂഹത്തിൽ വലിയ ഒരു മാറ്റം സൃഷ്ടിച്ചു .വിവരങ്ങൾ പരസ്പരം കൈമാറുന്നതിനൊപ്പം പലവിത അറിവുകൾ നമുക്ക് ലഭ്യമാക്കി തരാൻ വിവരസാങ്കേതികവിദ്യക്ക് കഴിയുന്നുണ്ട് .നമ്മുടെ പലവിധ സംശയങ്ങൾക്കും ഉത്തരം തരാൻ കഴിയത്തക്കവിധത്തിലുള്ള ഒരു ഉപാധിയാണിവ .നമുക്ക് നമ്മുടെ സമൂഹത്തിൽ എന്തൊക്കെ നടക്കുന്നു എന്നും എത്രത്തോളം നമ്മുടെ നാട് പുരോഗതി നേടിയെന്നും മനസ്സിലാക്കാൻ നമുക്കിതിലൂടെ കഴിയും പലവിധ അറിവുകളുടെയും ഒരു കലവറയാണ് ഈ വിവരസാങ്കേതികവിദ്യ ഇന്ന് ഈ യന്ത്രവത്കൃതലോകത്ത് സമൂഹത്തിൽ ഓരോ വ്യക്തിയുടെയും നിത്യജീവിതത്തിൽ ഒരു ഭാഗമായി മാറുകയാണിവ .നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം തന്നെ അവയുടെ കൈപ്പിടിയിലാണ്. എത്രത്തോളം ഗുണങ്ങൾ ഉണ്ടെങ്കിലും അത്രതന്നെ ദോഷങ്ങൾ കാണുവാൻ കഴിയും. രാവിലെ മുതൽ രാത്രി വരെ വിശപ്പോ ദാഹമോ ഇല്ലാതെ മൊബൈൽ നാം ഉപയോഗിക്കും. ഇതിലൂടെ പലതരം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു. കണ്ണുവേദന, തലവേദന തുടങ്ങിയവയും ക്ഷീണവും അവയിൽ ചിലത് മാത്രം. ഒപ്പം തന്നെ മൊബൈലിന്റെ അമിത ഉപയോഗം ഭാവനാത്മകമായ ചിന്തയേയും നമ്മുടെ ബുദ്ധിശക്തിയേയും കാർന്നുതിന്നുന്നു .നാം പുസ്തകങ്ങൾ വായിക്കുന്നതിൽ നിന്നും മാറി ഫോണിലെ കളി വിനോദങ്ങളിൽ ഏർപ്പെട്ടും അവയിലെ വീഡിയോകൾ കണ്ടും സമയം കൊല്ലുന്നു .'പുസ്തകം' അക്ഷരങ്ങളുടെ ഖനി എന്നാണ് വിശേഷിപ്പിക്കാറ് .അക്ഷരം എന്നാൽ ക്ഷരം ഇല്ലാത്തത് അഥവാ നശിക്കാത്തത് എന്നാണ് .അപ്പോൾ പുസ്തകവും നശിക്കാത്തതാണ് പക്ഷേ അവ ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. വിവരസാങ്കേതിക വിദ്യയുടെ മുന്നേറ്റം മനുഷ്യനും പുസ്തകവുമായുള്ള ബന്ധത്തിൽ വിള്ളൽ വീഴ്ത്തിയിരിക്കുകയാണ്.ഇതുമൂലം മനുഷ്യരുടെ അറിവ് ചിന്ത ഭാവന തുടങ്ങിയവയിൽ കോട്ടങ്ങൾ വീഴ്ത്തിയിരിക്കുന്നു.

അറിവിന്റെ ചിന്തയുടെ വികാസം വിവരസാങ്കേതികവിദ്യയുടെ മുന്നേറ്റത്തിലൂടെ ശോഷിച്ചു പോകുന്നു. മൊബൈലുകളുടെ അമിത ഉപയോഗം വിദ്യാർത്ഥി ജീവിതത്തെ വലിയരീതിയിൽ സ്വാധീനിക്കുന്നുണ്ട് .അവരുടെ പഠനത്തിൽ കൂട്ടുകൂടലിൽ ഇവ ദൂഷ്യഫലങ്ങൾ സൃഷ്ടിക്കുന്നു .കൂട്ടുകാരുമായുള്ള ആശയവിനിമയം അധികരിക്കുകയും ചില സമയങ്ങളിൽ മയക്കുമരുന്നുകളുടെ ഉപയോഗത്തിലേക്ക് വരെ ഇത് നയിക്കാം.

പലതരത്തിലുള്ള ദോഷങ്ങൾ ഇവയ്ക്കുണ്ട്. മനുഷ്യന്റെ ഏതൊരു ആവശ്യത്തിനും സഹായിക്കുന്ന ഈ ശാസ്ത്രം മനുഷ്യനെ ഭസ്മമാക്കാൻ വരെ കെൽപ്പുള്ളതാണ് .അതുകൊണ്ടുതന്നെ അവയെ നല്ല രീതിയിൽ ഉപയോഗിച്ചില്ലെങ്കിൽ നമ്മുടെ ജീവന് വരെ ഇത് അപകടമായി മാറുന്ന സാഹചര്യങ്ങൾ ഉണ്ട്. എങ്കിലും മനുഷ്യനെ അവരുടെ അന്ധവിശ്വാസങ്ങളിൽ നിന്നും ഒരു പുതുതലമുറയെ

പുതുപ്രതീക്ഷയിലേക്ക് ഉയർത്തുവാൻ ശാസ്ത്രത്തിന് കഴിഞ്ഞു .ആശയവിനിമയത്തിന് ഉപയോഗിച്ചു തുടങ്ങിയവയാണ് ഫോണുകൾ .കത്ത് ഉപയോഗിച്ചുള്ള ആശയവിനിമയം കാലതാമസം നേരിട്ടപ്പോൾ അതിനൊരു ഉപാധിയായി ഫോൺ അവതരിച്ചു .അന്നൊരു കൗതുകമായി കണ്ടിരുന്നത് പിന്നീട് എല്ലാവരിലേക്കും എത്തി തുടങ്ങി. ഇന്ന് സമൂഹത്തിലെ ഏറ്റവും കൂടുതൽ ആളുകൾ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന മേഖലയാണ് വിവരസാങ്കേതികവിദ്യ .

പെട്ടെന്നുള്ള ആശയവിനിമയം , സംശയനിവാരണം തുടങ്ങി ധാരാളം ഗുണങ്ങൾ ഇവയ്ക്കുണ്ട്. ചാൾസ് ബാബേജിന്റെ കണ്ടുപിടിത്തമാണ് കമ്പ്യൂട്ടർ. കമ്പ്യൂട്ടറിൽ നിന്നും എങ്ങോട്ടും എളുപ്പത്തിൽ കൊണ്ടുപോകാൻ സാധ്യമായ ഫോൺ വരേ ധാരാളം ഉപകാരങ്ങൾ നമുക്ക് ചെയ്തുതരുന്നു .നമുക്ക് നമ്മുടെ അറിവുകൾ പരിപോഷിപ്പിക്കുന്നതിനൊപ്പം തന്നെ നിരവധി അപ്ലിക്കേഷൻ വഴി നമ്മുടെ കഴിവ് ഉണർത്തുവാൻ ഇവ സഹായകരമാണ് . വിദ്യാർത്ഥികൾ ,കുട്ടികൾ തുടങ്ങി ഏതൊരു പ്രായക്കാർക്കും ഇവ ഉപയോഗിക്കാം. സൂക്ഷിച്ചു ഉപയോഗിച്ചില്ലെങ്കിൽ നിരവധി പ്രശ്നങ്ങളുണ്ടാകുമെങ്കിലും വിദ്യാർത്ഥികൾക്ക് നല്ല രീതിയിലുള്ള പഠന സൗകര്യം ചെയ്തുകൊടുക്കുന്നു. ഏതൊരു സംശയത്തിനും ,ചോദ്യത്തിനും, ഉത്തരം ലഭ്യമാകും. കൊറോണ എന്ന മഹാമാരി ലോകം കവർന്നപ്പോഴാണ് ജനങ്ങൾ കൂടുതലായും വിവരസാങ്കേതികവിദ്യയുടെ ഉപയോഗം അധികരിച്ചത് വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സ് ലഭ്യമായി തുടങ്ങിയതോടെ അവരുടെ പഠനത്തെ കൊറോണ ബാധിച്ചില്ല വീട്ടമ്മമാർക്ക് തൊഴിൽ ലഭ്യമാകുന്നതിലും വിവരസാങ്കേതിവിദ്യ സഹായിച്ചിട്ടുണ്ട് .തൊഴിലില്ലാത്തവർക്ക് ഓൺലൈനിലൂടെ പല വിധത്തിലുള്ള തൊഴിലവസരങ്ങളും ലഭ്യമായി തുടങ്ങി. കൊറോണ സമയത്ത് ഓൺലൈൻ വിൽപ്പന അധികരിച്ചതിന്റെ കാരണങ്ങളിലൊന്ന് അതായിരുന്നു .



കർഷകർക്കും, കടയുടമകൾക്കു മെല്ലാം അവരുടെ ഉത്പന്നം വിൽക്കുവാൻ സാധിച്ചു. വിവരസാങ്കേതികവിദ്യ വികസിച്ചില്ലായിരുന്നുവെങ്കിൽ ഇതൊന്നും നടക്കില്ലായിരുന്നു.വിരസത അകറ്റാൻ ഇതുമൂലം സാധിച്ചു .ലോകത്ത് ഇൻറർനെറ്റിന്റെ വരവ് അറിവിന്റെ ജാലകം മാനവരാശിക്ക് തുറന്നുകൊടുത്തു .ധാരാളം ഉദ്യോഗാർത്ഥികൾക്ക് ഇതൊരു അനുഗ്രഹമായി .അവർക്ക് ധാരാളം വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞു. ശാസ്ത്രത്തിന്റെ വളർച്ച നിർമ്മിത ബുദ്ധിയുള്ള യന്ത്രങ്ങളുടെ നിർമ്മാണത്തിലേക്ക് എത്തിച്ചു. ചിലപ്പോൾ മനുഷ്യന് തന്നെ ഒരു ഭീഷണിയായി മാറാൻ സാധ്യതയുള്ളവയാണിവ .ഇന്ന് വിവരസാങ്കേതിവിധിയുടെ സഹായത്തോടെ നിരവധി റോബോട്ടുകളെ നിർമ്മിക്കുന്നുണ്ട് . അവ മനുഷ്യന് പലരീതിയിൽ സഹായമാകാറുണ്ട്. പക്ഷേ കാലക്രമേണ ഈ യന്ത്രങ്ങൾ മനുഷ്യന് എതിരാവാം .

വിവരസാങ്കേതികവിദ്യയുടെയും ശാസ്ത്രത്തിന്റെയും വളർച്ച പല ദുരന്തങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് .1945 ഓഗസ്റ്റ് 6, 9ന് അമേരിക്ക ജപ്പാൻ നഗരങ്ങളായ ഹിരോഷിമ ,നാഗസാക്കി തുടങ്ങിയവയിൽവർഷിച്ച ലിറ്റിൽ ബോയ് ,ഫാറ്റ് മാൻ തുടങ്ങി ധാരാളം വിഷമൂലകങ്ങൾ നിറച്ച അണുബോംബുകൾ നഗരങ്ങളെ നശിപ്പിച്ചു . ധാരാളം രോഗങ്ങൾ സൃഷ്ടിച്ചു .വിവരസാങ്കേതികവിദ്യയും ശാസ്ത്രവും മനുഷ്യ നന്മ കൂടിയാവണം. .മനുഷ്യന്റെ ഇല്ലായ്മക്കാവരുത് . മാത്രമല്ല അവയെ നല്ല രീതിയിൽ ഉപയോഗിക്കാൻ നമുക്ക് കഴിയണം. ഇല്ലെങ്കിൽ അവയുടെ ദൂഷ്യഫലങ്ങൾ നാം അനുഭവിക്കേണ്ടിവരും.വിവരസാങ്കേതികവിദ്യ യുടെ ഗുണദോഷങ്ങൾ മനസ്സിലാക്കി അവയെ മനുഷ്യനന്മക്ക് ഉപയോഗിക്കാൻ നമുക്ക് കഴിയണം, കഴിയേണ്ടതുണ്ട് .നമുക്ക് അതിനായി പരിശ്രമിക്കാം.



# പ്രതീക്ഷ



സൂര്യ എസ്

കുഞ്ഞു പൂവായിരുന്നെൻ പ്രതീക്ഷ,
മണ്ണിൽ നിന്നുമെഴുന്നേറ്റുനിൽക്കാൻ.
സൂര്യ ലക്ഷ്മികളെന്നെ തളർത്തി ,
വെള്ളമില്ലാതെ വാടിക്കരിഞ്ഞു.

മേഘത്തോടുഞാൻ നോക്കിപ്പറഞ്ഞു,
ഒന്നുവിങ്ങികരഞ്ഞുകൂടെയെന്ന് .
എൻപ്രതീക്ഷയെ തോൽപ്പിച്ചുവേനൽ,
കത്തിജ്വലിക്കുവാൻ ആരംഭമായി .

എൻ ദളങ്ങൾ കത്തിയുണങ്ങുമ്പോൾ,
കാർമേഘമിങ്ങനെ മുഖംവീർത്തുനിൽപ്പൂ.
ഒന്ന്പൊട്ടിക്കരഞ്ഞുകൂടേന്ന്
എത്രനാളായി ഞാൻ പറയുന്നു.

എന്നെങ്കിലുമാമുഖമൊന്നു,
പൊട്ടിച്ചിരിക്കുമെന്നെൻമനം ചൊല്ലി .
അന്നെൻ പൂവിതൾ മേഘത്തെ നോക്കി ,
നന്നിചൊല്ലി പ്രകാശിച്ചുനിൽക്കും.

അപ്രകാരം ഒരുനാൾ വരുമെന്ന് ,
എൻമനം എന്നോട് വിങ്ങിപ്പറഞ്ഞു .
അന്ന്ചൊല്ലിയപോലൊരു ദിനം,
എൻ ജീവിതത്തിൽ ഉദിച്ചുയർന്നു നിന്നു .
എൻ പൂവിൻ ദളങ്ങൾ വിടർന്നു,
പുഞ്ചിരിച്ചുഞാൻ നന്നി ചൊല്ലി.

എൻ ദളങ്ങൾ സുഗന്ധം പരത്തി ,
കുഞ്ഞുപൂവായി ഞാൻ നിലനിന്നു.
കുറച്ചുനാൾ മാത്രമാണത്,
പിന്നെഞാൻ വിട ചൊല്ലി നീങ്ങി.

എന്നെപ്പോലെ നിറയെപുഷ്പങ്ങൾ
വെള്ളം കിട്ടാതെ കരിഞ്ഞുണങ്ങുന്നു .
ഇങ്ങനെയുള്ള വിധിയാരും വരുത്തല്ലേ ,
കുഞ്ഞുപൂക്കളെ നോക്കാതെ പോവല്ലേ.

മരങ്ങളെല്ലാം വെട്ടിനശിപ്പിച്ചാലും,
വയലുകൾ നികത്തിയാലും മനുഷ്യർ
പ്രകൃതിയെ വേട്ടയാടുന്നവർ ,
ഭൂമിയെ നശിപ്പിച്ചുമെല്ലാം.

അവരുടെ സന്തോഷമതിൽ കണ്ടെത്തുന്നു.
അതുമൂലം പൂക്കളും പുഴുക്കളും
സസ്യജന്തുജാലങ്ങളൊക്കെയും
നശിച്ചു പോകാൻ കാരണമാകുന്നു.



# മഴപെയ്ത് തോർന്നൊരാ....... പുലരിയിൽ


ശ്രീനന്ദ ജി

ഒരു രാത്രി ഇടിമുഴക്കത്തോടെയുള്ള മഴപെയ്തു അതിശക്തമായ മഴയായിരുന്നു അത് .ആ മഴ തോരാതെ നിന്നു. പിറ്റേന്ന് മഴ തോർന്ന ഒരു പുലരിയാണ് എല്ലാവരും കണ്ടത് അതിസുന്ദരമായ പൂക്കൾ പൂത്തിരിക്കുന്നു. മഴയുടെ തുള്ളികൾ പുല്ലിനു മുകളിൽ നിൽക്കുന്നു. വളരെ ഉണർവേകുന്ന ഒരു പുലരിയായിരുന്നു അത് .ആ മഴയെയും അത് കഴിഞ്ഞുള്ള പുലരിയും അവിടുത്തെ ജനങ്ങൾ ഒരിക്കലും മറക്കില്ല. പ്രകൃതിയാകെ തണുത്ത മനോഹരമായി പൂക്കളാൽ നിറഞ്ഞിരിക്കുന്നു. ഇതെല്ലാം മറ്റു ജനങ്ങൾ ആസ്വദിച്ചു കൊണ്ടിരിക്കുകയാണെങ്കിലും ഇതൊരു മഹാദുരന്തം ആയിരുന്നു പിലിപ്പോസിനും കുടുംബത്തിനും.

പിലിപ്പോസ് ഒരു പാവപ്പെട്ട കർഷകനായിരുന്നു .വളരെ കഷ്ടപ്പെട്ട് അധ്വാനിച്ചായിരുന്നു പിലിപ്പോസ് കുടുംബം പോറ്റിയിരുന്നത്. അയാളുടേത് രണ്ടു പെൺമക്കളും ഒരു ആൺമകനും ഭാര്യയുമടങ്ങുന്ന കുടുംബമാണ്.ഒരു കുഞ്ഞ് ഓലപ്പുര വീടായിരുന്നു പിലിപ്പോസിന്റേത് .അത് തന്നെ വളരെ കഷ്ടപ്പെട്ടാണ് നിർമിച്ചത് . കല്യാണ പ്രായമായ മൂത്ത മകളെ കെട്ടിച്ചുവിടാൻ വഴിയില്ലാതെ നെട്ടോട്ടം ഓടുകയാണ് പിലിപ്പോസ് .നാട്ടുകാരിൽ നിന്ന് കടംവാങ്ങിയാണ് മക്കളെ പഠിപ്പിക്കുന്നത് . വൈക്കത്ത് തലയോലപ്പറമ്പിലെ മാധവിക്കുട്ടി എന്ന ഒരു കൊച്ചു ചേച്ചി ഈ പിലിപോസിനുണ്ടായിരുന്നു .അത്യാവശം കിട്ടുന്ന പണം തന്റെ സഹോദരന്റെ കുടുംബത്തിനായി അയച്ചുകൊടുത്തിരുന്നു. ഒരു തയ്യൽക്കടയിൽ നിന്ന് കിട്ടുന്ന വരുമാനമായിരുന്നു അത് മാധവിക്കുട്ടിയുടെ സ്വന്തം കടയായിരുന്നു. ഈ അയച്ചുകൊടുക്കുന്നത് അത്ര വലിയ തുക അല്ലെങ്കിലും അത് പിലിപ്പോസിന് വളരെ ഉപകാരമായിരുന്നു. അങ്ങനെയിരിക്കെ ഒരു കൊടും ചതി ഇടിവാളോടു കൂടിയ ഒരു മഴ പെയ്തു .ഓലയിൽ നിർമ്മിച്ച വീടായതുക്കൊണ്ട് വീടിന് മുകൾ ഭാഗം ചോരാനാണ് ആദ്യം തുടങ്ങിയത് .പിന്നെ പിന്നെ മഴയുടെ വേഗത കൂടുംന്തോറും വീടിനു മുകളിലുള്ള ഓലകൾ കീറിയും അതിനുമുകളിൽ തെങ്ങും വീണു . തന്റേ മൂന്ന് മക്കളെയും ഭാര്യയെയും കൊണ്ട് എന്ത് ചെയ്യണം എന്നറിയാതെ പിലിപ്പോസ് വളരെ ദു:ഖിതനായി . രാത്രിയിൽ ഭാര്യ പിലിപ്പോസിനോട് പറയുകയാണ് ''ഈ തകർന്ന വീടിനുള്ളിൽ നമ്മൾ എന്ത് ചെയ്യും?". "നമ്മൾ എന്തുതന്നെ ചെയ്താലും നമുക്കുള്ളത് 2 പെൺകുട്ടികളാണ്. നമ്മൾ എങ്ങനെ തന്നെ താമസിച്ചാലും അവരെ ഈ വീട്ടിൽ താമസിപ്പിക്കരുത് അവർ പറഞ്ഞില്ലെങ്കിലും അത് അപമാനമാണ്". "അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ നിങ്ങളുടെ സഹോദരി മാധവിക്കുട്ടിയുടെ വീട്ടിൽ

കഴിയുതായിരിക്കും നല്ലത് അവർക്ക് സ്വന്തമായി കടയാണലോ അവർക്കും വളരെ ഉപകാരമായിരിക്കു.'' പിലിപ്പോസ് ഇതിനെപ്പറ്റി ചിന്തിക്കുന്നു.

രാവിലെ മഴയെല്ലാം തോർന്നു തന്റെ വീടിനെ വെളിച്ചത്തിൽ നോക്കിയപ്പോൾ പിലിപ്പോസിന്റെ ഹൃദയം തകർന്നു പോയി. അതുതന്നെ ചിന്തിച്ച് ചിന്തിച്ച് രണ്ടു പെൺകുട്ടികളെ സഹോദരിയുടെ വീട്ടിൽ ചെന്ന് ആക്കാൻ തീരുമാനിച്ചു. വൈക്കത്തേക്കുള്ള ബസ്സിൽ കയറി പിലിപ്പോസും മക്കളും യാത്ര തുടങ്ങി. വീട് അങ്ങനെ തന്നെ വീണ്ടും നന്നാക്കി എടുക്കാം എന്നായി,ഇതിനെപറ്റി എറണാകുളം സംഘടനകളെ പറ്റി സഹോദരിയോട് പറഞ്ഞ് മക്കളെയും അവിടെ നിർത്തി തിരിച്ചു ബസ് കയറി നാട്ടിലെത്തി തന്റെ വീടിനെപ്പറ്റി ഗ്രാമത്തിലെ ചായക്കടയിൽ പറയുന്നത് കേട്ട് വിദേശിക്ക് സഹതാപം തോന്നി ടൗണിൽ വീട് സ്വന്തം പേരിൽ എഴുതി കൊടുത്തു.





നിവേദ്യ സി എം

# മൈന

ചെമ്പകത്തൈയി-
ലിരിക്കുന്നമൈനേ,
അമ്പഴകൊമ്പത്തു
കൂടുള്ള മൈനേ,
ഇമ്പത്തിൽ പാട്ടുകൾ
പാടുന്ന മൈനേ,
കമ്പിളുമായി വന്നാൽ
പുനെല്ല് നൽകാം
കൊത്തിക്കൊറിച്ചു നീ
പോകുവതെങ്ങോ
പൊത്തിലെ മക്കൾക്കു
ചോറ് നൽകാനോ?
ഒത്തിരി ദൂരേക്ക്
പോകല്ലേ മൈനെ
പുത്തരിചോറെന്റെ
വീട്ടിലുമുണ്ടേ.





അനുഷ്ക കെ എച്ച്

# കാറ്റും പൂവും

കാറ്റു ചോദിച്ചു ;
കുഞ്ഞിപൂവേ നീ,
കൂട്ടു പോരുമോ
ഇന്നെന്റെ കൂടെ?

നാടു കാണാം
നഗരവും കാണാം
മാമലകളിലെ-
മഴയും കാണാം

പോരുമോനന്ദി-
ക്കാവില്ലിവിടെ
പോറ്റുമ്മ ചൊല്ലി തനിച്ചല്ലേ?

ആശയുണ്ടെനി-
ക്കിന്നു നീ പോകാം
പൂത്ത താഴ്വര -
യൊക്കെയും കാണാൻ

തന്നെയയച്ചിടാ
മെന്റെ മനസ്സിൽ
പൂമണം മാത്രം
കൊണ്ടുപോകൂ നീ.

# Profile of A R Rahman



Chithra . P.K

Allah Rakha Rahman was born as Dilip Kumar in Madras Tamilnadu on 6th January 1967. His father R K Shekar from Madurai family, was a film screen composer and music conductor of Tamil and Malayalam films. He assisted his father in the studio by playing keyboard.Since he lost his father during childhood the pressure of supporting the family fell on his shoulders.Rahman began his early musical training under master Dhanraj, and at age of eleven began playing in the orchestra of malayalam composer M.K. Arjunan with his debut in 1992 he secured a safe place in the industry and was followed with several awards like the Oscar , Padma Bhushan etc..



നിഹാരിക ജി നൊട്ടാത്ത്

# അന്യസംസ്ഥാന തൊഴിലാളികൾ!

ഈയിടെ എന്റെ ശ്രദ്ധയിൽപ്പെട്ട ഒരു അനുഭവം ഞാൻ പങ്കുവയ്ക്കാം. ഒരു ദിവസം ഞാൻ പാലക്കാട്ടേക്ക് പോകുമ്പോൾ അയ്യങ്കുളം എന്ന സ്ഥലത്ത് വഴിയോരത്ത് ദൈവവിഗ്രഹങ്ങൾ ഉണ്ടാക്കുന്ന മുതിർന്ന അന്യദേശക്കാരും ഒപ്പം തൊട്ടടുത്തുള്ള മരത്തിൽ തൊട്ടിലിലാടുന്ന കുഞ്ഞും പിന്നെ ഓടികളിക്കാൻ പ്രായമായ അഞ്ചാറ് കുട്ടികളേയും കണ്ടു . വീടെന്നോ ചറ്റപ്പുരയെന്നോ പോലും പറയാൻ കഴിയാത്തതരം ടാർപോളിൻ വലിച്ച് കെട്ടിയ കുറച്ച് കളിപ്പുരകൾ!. അത്രയേ പറയാനാവൂ. പക്ഷേ ആ കുട്ടികളുടെ മുഖത്ത് വിഷമം ഉള്ളതായി തോന്നിയതേയില്ല, അത്ഭുതം! ആർഭാടങ്ങളിൽ ജീവിക്കുന്ന കുട്ടികളുടെ മുഖത്ത് പോലും ഞാൻ ഇത്രയും ആനന്ദം കണ്ടിട്ടില്ല. അവർ അവരുടേതായ ലോകത്ത് ഉള്ളതുകൊണ്ട് ഓണം പോലെ കഴിയുന്നു. ഒരു നിമിഷത്തേക്ക് ഞാൻ കരുതി, ഞാനടക്കമുള്ള എല്ലാ മനുഷ്യർക്കും എന്തുകൊണ്ടിങ്ങനെ ഉള്ള നിറഞ്ഞാനന്ദിക്കാൻ കഴിയുന്നില്ല?. ആവോ അറിയില്ല ഞാൻ എന്നോടുതന്നെ പറഞ്ഞു?. പിന്നീട് സംശയം അടക്കാനാവാതെ  തൊട്ടടുത്തിരിക്കുന്ന ചെറിയമ്മയോടായി ചോദ്യം. ആദ്യം ഒന്ന് നോക്കിയിട്ട് ദീപു പറഞ്ഞു "ബഹുമാനം കൊണ്ടാണ് ദീപു എന്ന് പരാമർശിക്കുന്നത്!. അവർ കൂടുതൽ ആഗ്രഹിക്കാത്തതുകൊണ്ടായിരിക്കാം".

ഞാൻ വീണ്ടും ചോദിച്ചു എന്നോട് തന്നെ, അത്രമേൽ ദൈവത്തെ സ്നേഹിച്ച് വിഗ്രഹങ്ങൾ ഉണ്ടാക്കുന്ന അവരുടെ ദയനീയാവസ്ഥ എന്തുകൊണ്ടാണ് ദൈവം കാണാതിരിക്കുന്നത്? ആവോ? അതും എനിക്കറിയില്ല. ഇപ്പോഴും ആ സ്ഥലം എത്താനാകുമ്പോൾ ആകാംക്ഷയോടെ നോക്കാറുണ്ട് അവരുടെ ജീവിതം മെച്ചപ്പെട്ടോ? സന്തോഷം പമ്പകടന്നോ? ഇല്ല ആ കുട്ടികൾ വളരുന്നതല്ലാതെ ഒരു മാറ്റവും എനിക്ക് കാണാനായില്ല.





അഭിനന്ദ് കെ ജി

# ലിറ്റിൽ കൈറ്റ്സ് .........

ഞാൻ അഭിനന്ദ്  കെ ജി .10 സി യിൽ പഠിക്കുന്നു .സ്കൂളിലെ ലിറ്റിൽ കൈറ്റ്സിൽ ഒരു അംഗമാണ്. ലിറ്റിൽ കൈറ്റ്സിൽ അംഗമായതിനു ശേഷം IT മേഖലയിൽ എനിക്കുണ്ടായ മാറ്റം വളരെ വലുതാണ്.

8th ൽ ആണ് ഞാൻ GHS ബമ്മണ്ണൂരിൽ ചേരുന്നത്. അതു വരെ കമ്പ്യൂട്ടറിനെ കുറിച്ച് പ്രാഥമികമായ അറിവു മാത്രമേ എനിക്ക് ഉണ്ടായിരുന്നുള്ളൂ. അങ്ങനെ ലിറ്റിൽ കൈറ്റ്സിൽ ചേർന്നതിനു ശേഷം IT രംഗത്തോട് എനിക്ക് ഒരു പാട് താൽപര്യമായി. IT യു മാ യി ഒരു പരിചയവും ഇല്ലാത്തതിനാൽ ആദ്യമൊക്കെ എന്ത് ചെയ്യണമെന്നു പോലും എനിക്ക് അറിയുമായിരുന്നില്ല. എന്നാൽ ഒരു മാസം കഴിഞ്ഞതോടെ എന്നിലുണ്ടായ മാറ്റം എന്നെ തന്നെ അത്ഭുതപ്പെടുത്തി. 3 വർഷത്തിനുശേഷം ഇന്ന് കംമ്പ്യൂട്ടർ വളരെ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ എനിക്ക് സാധിക്കുന്നുണ്ട്. പിന്നിട് ഞാൻ സ്വയം ഗെയിമുകൾ നിർമ്മിച്ചു. ഓരോ ദിവസവും പുതിയ കൗതുകങ്ങൾ നിറഞ്ഞ കാര്യങ്ങൾ ഞാൻ ചെയ്തു .T V യിൽ കാണുന്ന അനിമേഷനുകൾ ഞാൻ സ്വയം നിർമ്മിച്ചു.എന്നിൽ എപ്പോഴും കൗതുകം തോന്നിയ ഒരു കാര്യമാണ് റോബോട്ടു കൾ. ഇവയെ കുറിച്ച് അടുത്തറിയാൻ എനിക്ക് സാധിച്ചു. റോബോട്ടുകൾ എങ്ങിനെയാണ് നിർമ്മിക്കുന്നതെന്ന് ഞാൻ പഠിച്ചു. അതിനായി ഞാൻ സ്വയം കോഡുകൾ നിർമ്മിക്കാൻ പഠിച്ചു.ഇതിനെല്ലാം എന്നെ സഹായിച്ചത് ലിറ്റിൽ കൈറ്റ്സ് ആണ്. സ്വയം ഗെയിമുകൾ കളിച്ചിരുന്ന ഞാൻ ഗെയിമുകൾ നിർമ്മിക്കാൻ തുടങ്ങി. TV യിൽ അനിമേഷനുകൾ കണ്ട് രസിച്ചിരുന്ന ഞാൻ അത് സ്വയം നിർമ്മിച്ചു തുടങ്ങി. കൂടാതെ ലിറ്റിൽ കൈറ്റ്സിൻ്റെ ജില്ലാതല ക്യാമ്പിൽ പങ്കെടുത്തതും വേറിട്ട ഒരു അനുഭവം തന്നെയായിരുന്നു. എന്നിലെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സിൽ നിന്നും കിട്ടിയ അറിവുകൾ വളരെ വലുതാണ് അത് എൻെറഭാവി ജീവിതത്തിൽ ഒരു മുതൽകൂട്ടു തന്നെയാവും. ഇന്ന് എല്ലാ രംഗത്തും സാങ്കേതിക വിദ്യയുടെ കടന്നുകയറ്റമാണ്. ഈ രംഗത്ത് ധൈര്യപൂർവ്വം കടന്നു ചെല്ലാൻലിറ്റിൽ കൈറ്റ്സ് എനിക്കു തന്ന ധൈര്യം ചെറുതല്ല. അതിന് എന്നെ പ്രാപ്തനാക്കിയ എൻെറ അധ്യാപകരോടുള്ള കടപ്പാട് വളരെ വലുതാണ്

നന്ദി..

# OUR ACHIEVEMENTS








## EDITORIAL TEAM

*AKHILA.P

*ADITHYA U

*SANITHA.P.S

*ANJANA.P.S

## ലിറ്റിൽകൈറ്റ്സ് ടീം 2022-2025



# THANKS

ഈ ഉദ്യമം വിജയിപ്പിക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ നൽകിയ പ്രധാനധ്യാപകൻ, സൃഷ്ടികൾ തെരഞ്ഞെടുക്കുന്നതിന് സഹായിച്ച അധ്യാപകർ, തങ്ങളുടെ രചനകൾ നൽകി ഈ മാഗസിന് കൂടുതൽ ചാരുതയേകിയ കൊച്ചു കൂട്ടുകാർ, മുന്നിലും പിന്നിലും നിന്ന് ഞങ്ങൾക്ക് പ്രചോദനമേകിയ സുമനസ്സുകൾ തുടങ്ങി എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.